കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മാങ്കുളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7/1272/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 15/12/2025
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാങ്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ.പി.7/1272/2025 തീയ്യതി: 15/12/2025

ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-11-2024 മുതൽ 11-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 18-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.രാജേഷ് ഹരിബാൽ	ഡെപ്യൂട്ടി ഡയറക്ടർ	13-10-2025	18-10-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
13-10-2025	18-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി സൂസനിയാമ്മ തോമസ് ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീമതി മരുൺ മാത്യു ഓഡിറ്റ് ഓഫീസർ

ശ്രീമതി സിനിമോൾ ഫ്രാൻസിസ് ഓഡിറ്റ് ഓഫീസർ

ശ്രീ സാമുവൽ രാജ് ആർ അസി ഓഡിറ്റ് ഓഫീസർ

ശ്രാ ഡാനിഷ് കെ ഇസഡ് സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി വിനീത സജീവൻ	പ്രസിഡന്റ്	01-04-2024	08-09-2024
ശ്രീമതി ഗീത ആനന്ദൻ	പ്രസിഡന്റ്	09-09-2024	31-03-2025
ശ്രീ സജീവൻ റ്റി.കെ	സെക്രട്ടറി	01-04-2024	05-09-2024
സ്രീ അശോക് കുമാർ എസ്	സെക്രട്ടറി	06-09-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഗ്രീഷ്മ വി മാത്യു	അഗ്രികൾച്ചർ ഓഫീസർ	01-04-2024	31-03-2025
ശ്രീമതി ജെസി ആന്റണി	ഹെഡ്മിസ്ട്രസ്സ്	01-04-2024	31-03-2025
ശ്രീമതി അലോഷ്യ ജോസഫ്	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2024	31-07-2024
ശ്രീമതി മേരി ഉറുമീസ് പി	ഐ സി ഡി എസ് സൂപ്പർവൈസർ	01-08-2024	31-03-2025
ശ്രീമതി ശരണ്യ എസ്	വി.ഇ.ഒ മാങ്കുളം സർക്കിൾ	01-04-2024	31-03-2025
ശ്രീ ജോബിൻ എൻ	വി.ഇ.ഒ ആറാംമൈൽ സർക്കിൾ	01-04-2024	31-03-2025
ഡോ ബിജ്ജു കെ.ജി	വെറ്ററിനറി സർജൻ	01-04-2024	31-03-2025
ശ്രീമതി ജാസ്മിൻ സി.എ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	13-08-2024
ശ്രീ വൈശാഖ് വി എൽ	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2024	31-03-2025
ശ്രീ ഷിബു ബി	അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്)	01-04-2024	30-11-2024
ശ്രീ ദീപേഷ് പി നാഥ്	അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്)	01-12-2024	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല	1-1-3
5	ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല	1-1-4
6	ആസ്തിബാധ്യതയുടെ കണക്കുകൾ കൃത്യമല്ല	1-1-5
7	തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല	1-1-6
8	ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയില്ല	1-1-7
9	വാർഷികകണക്കിലെയും ഡിമാന്റ് രജിസ്റ്ററുകളിലെയും ഡി.സി.ബി.തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-8
10	തൊഴിലുറപ്പ് പദ്ധതി ഭരണ ചെലവ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.	1-1-9
11	ഷെഡ്യൂൾ ബി - 5, ഷെഡ്യൂൾ ബി - 16 എന്നിവയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-10
12	ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയില്ല.	1-1-11
13	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-12
14	മെയിന്റനൻസ് ഗ്രാന്റ് -(റോഡ് - നോൺ റോഡ്) - ൽ നിന്ന് മൂലധനച്ചെലവ് രേഖപ്പെടുത്തി.	1-1-13
15	ഗ്രാന്റുകളുടെ വരവ് - ചെലവ് തുകകൾ വാർഷികകണക്കിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല.	1-1-14
16	ജവഹർ ലോണിൽ ജേണൽ വൗച്ചർ പ്രകാരം ക്രഡിറ്റ് വന്നതിനെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല	1-1-15
17	സാമ്പത്തികവിശകലനം	1-2
18	ബജറ്റ്	1-3
19	ഗ്രാന്റ് വിനിയോഗം	1-4
20	സ്രോതസിൽ നിന്നും കുറവ് ചെയ്ത തുകയുടെ വിശദാംശങ്ങൾ	1-4-1
21	ഗ്രാന്റ് വിനിയോഗം - നിശ്ചിതശതമാനം ചെലവഴിച്ചില്ല - 2026 - 2027 വർഷം 16,22,166/- ലാപ്സാകും	1-4-2
22	പദ്ധതി അവലോകനം	1-5
23	തൊഴിലുറപ്പ് പദ്ധതി	1-6
24	ക്ഷേമപെൻഷനുകൾ	1-7
25	ക്യാഷ് പരിശോധന	1-8
26	ആഭ്യന്തരനിയന്ത്രണം	1-9
27	തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു	1-10
28	D & O ലൈസൻസ് രജിസ്റ്റർ & പ്രൊഫഷൻ ടാക്സ് രജിസ്റ്റർ - ഡി.സി.ബി.സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിൽ അപാകങ്ങൾ	1-11
29	തനത് ഫണ്ട് കറന്റ് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നതിനാൽ പലിശയിനത്തിൽ വരുമാനനഷ്ടം ഉണ്ടാകുന്നു	1-12
30	അഡ്വാൻസ് രജിസ്റ്റർ - 2024-2025 വർഷത്തെ വിവരങ്ങൾ ലഭ്യമല്ല	1-13
31	കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നില്ല	1-14
32	ഫെസ്റ്റിവൽ അഡ്വാൻസ് - കുടിശ്ശിക - വിശദാംശങ്ങൾ ലഭ്യമല്ല	1-15
33	ആംബുലൻസ് ഉപയോഗം - ലോഗ് ബുക്ക് പരിപാലിക്കുന്നില്ല	1-16
34	ടിക്കറ്റ് കൂപ്പൺ പ്രിന്റിംഗ് - ക്വട്ടേഷൻ ക്ഷണിക്കാത്തതിനാൽ അമിത തുക നൽകി	1-17
35	മെഡിക്കൽ ഓഫീസർ (ആരോഗ്യം) നടപ്പാക്കിയ പദ്ധതികൾ - ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - ₹92,346/- തടസ്സപ്പെടുത്തുന്നു.	1-18
36	പട്ടികവർഗ്ഗവികസന വകുപ്പ് - കോർപ്പസ് ഫണ്ട് - തുക തിരിച്ചടച്ചില്ല	1-19
37	കെ.എസ്.ഇ.ബി. - ഡെപ്പോസിറ്റ് പ്രവൃത്തി - പൂർത്തീകരിച്ചില്ല - ₹12,461 /- തടസ്സപ്പെടുത്തുന്നു.	1-20
38	ഘടകസ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ - കുടുംബാരോഗ്യകേന്ദ്രത്തിന് നല്കിയ തുകയുടെ ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കിയില്ല - ₹32,937/- തടസ്സപ്പെടുത്തുന്നു.	1-21

39	റിജക്റ്റ് മാലിന്യങ്ങൾ കൈമാറിയതിന് തൂക്കം സംബന്ധിച്ച രേഖകളില്ല-₹16,900/- ചെലവ് തടസ്സപ്പെടുത്തുന്നു	1-22
40	പദ്ധതിപ്രകാരമല്ലാതെ 2024-2025 വാർഷികപദ്ധതിയിൽ നിന്നും മുൻവർഷം സപ്ലൈകോയ്ക്ക് നൽകാനുള്ള തുക നൽകി	1-23
41	അങ്കണവാടി പോഷകാഹാരവിതരണം - ന്യൂട്രിമിക്സിന് പല നിരക്കുകളിൽ തുക നൽകി	1-24
42	ലൈഫ് ഭവനപദ്ധതി - മുൻ വർഷങ്ങളിൽ ധനസഹായം കൈപ്പറ്റിയവർ ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല	1-25
43	ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല	1-26
44	പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - ഉപകരണങ്ങൾ ലഭിച്ചില്ല - ₹4,08,300/- തടസ്സപ്പെടുത്തുന്നു.	1-27
45	ഇലക്ഷൻ ഡെപ്പോസിറ്റ് തുക നാളിതുവരെയും തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയില്ല	1-28
46	സാമൂഹ്യസുരക്ഷാപെൻഷൻ - അനർഹമായ കാലയളവിൽ തുക അനുവദിച്ചു	1-29
47	ചിക്കന്നംകടി സ്കൂളിൽ ഫുട്ബോൾ പരിശീലനഗ്രൗണ്ട് നിർമ്മാണം പാതിവഴിയിൽ - നിർവഹിക്കാത്ത പ്രവൃത്തിക്ക് തുക നൽകി - ₹6,007/- നഷ്ടം; 3,59,787/- തടസ്സപ്പെടുത്തുന്നു	1-30
48	ആറാം മൈൽ ഫൂട്ട് ബ്രിഡ്ജ് - പെയിന്റിംഗ്, അറ്റകുറ്റപ്പണി - നിർവഹിക്കാത്ത ഇനത്തിന് തുക നൽകി - ₹39,690/- നഷ്ടം	1-31
49	ഹെൽത്ത് ഗ്രാന്റ് അവലോകനം	1-32
50	ജൽജീവൻ മിഷൻ പദ്ധതി - അവലോകനം	1-33
	ഭാഗം 2	
	--- No Records Found ---	
	ഭാഗം 3	
1	ചിക്കന്നംകടി സ്കൂളിൽ ഫുട്ബോൾ പരിശീലനഗ്രൗണ്ട് നിർമ്മാണം പാതിവഴിയിൽ - നിർവഹിക്കാത്ത പ്രവൃത്തിക്ക് തുക നൽകി - ₹6,007/- നഷ്ടം	3-1
2	ആറാം മൈൽ ഫൂട്ട് ബ്രിഡ്ജ് - പെയിന്റിംഗ്, അറ്റകുറ്റപ്പണി - നിർവഹിക്കാത്ത ഇനത്തിന് തുക നൽകി - ₹39,690/- നഷ്ടം	3-2
	ഭാഗം 4	
1	മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച് പരിശോധന	4-1
2	സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പയുടെ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് സർചാർജ് സർട്ടിഫിക്കറ്റിന്റെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
	അനുബന്ധം	
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 215(4), 2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1. & 11.3, സംസ്ഥാനഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 25.07-2025 – ലെ 1(1) – നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 30.07.2025 – ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 – ൽ അവസാനിച്ച വർഷത്തിലെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തികപ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തികപ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധറിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധറിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി. മാങ്കുളം ഗ്രാമപ്പഞ്ചായത്തിന്റെ 2024-2025 വർഷത്തേക്കുള്ള വാർഷികസാമ്പത്തികപ്രസ്താവനകൾ സാമ്പത്തികഫലത്തെക്കുറിച്ചും സാമ്പത്തികനിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ

15.12.2025 ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല

2011 – ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 62(2) (ഇ), (എഫ്) എന്നിവ പ്രകാരം, വാർഷികധനകാര്യപത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായറിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാനഅനുപാതങ്ങൾ എന്നിവ വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-2025 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹1,21,50,374/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2024-2025 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹20,27,440/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂ ചെയ്യുന്ന വരുമാനങ്ങൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. വർഷാവസാനം ജേണലിലൂടെ ക്രമീകരണങ്ങൾ നടത്തുകയാണ് ചെയ്തിട്ടുള്ളത്.

1-1-4 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ഇൻകം & എക്പെൻഡിച്ചർ അക്കൗണ്ട് (ഐ-19), (ഐ-18) എന്നിവ പ്രകാരം, ജേണൽ വൗച്ചർ പ്രകാരം വരുമാനമായും ചെലവായും ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും തിരുത്തൽ എൻട്രികൾക്കും അംഗീകരികരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിലെ രേഖപ്പെടുത്തൽ നിയമാനുസൃതം ആണെന്നൊ കൃത്യമാണെന്നോ ഉറപ്പുവരുത്തുന്നതിന് കഴിഞ്ഞില്ല.

1-1-5 ആസ്തിബാധ്യതയുടെ കണക്കുകൾ കൃത്യമല്ല

സിംഗിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിൽ നിന്നും ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനത്തിലേയ്ക്ക് മാറിയ ഘട്ടത്തിൽ ആസ്തിബാധ്യതകൾ കൃത്യമായി നിർണ്ണയിക്കാതിരിക്കുകയും തുടർന്ന് കാലികമാക്കാതിരിക്കുകയും ചെയ്തതിനാൽ ധനകാര്യപത്രികയിൽ നൽകിയിട്ടുള്ള ആസ്തിയും അവയുടെ മൂല്യശോഷണകണക്കുകളും കൃത്യമല്ല.

1-1-6 തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല

കേവലം ഒൻപത് ഇനങ്ങൾക്ക് മാത്രമാണ് ഡിപ്രീസിയേഷൻ കണക്കാക്കിയത്. ഡിപ്രീസിയേഷൻ കണക്കാക്കിയ ഇനങ്ങളുടെ സംഗതിയിൽ, വർക്ക്ഷീറ്റ് ലഭ്യമാക്കാത്തതിനാൽ തേയ്മാനം നിശ്ചിതനിരക്കിലാണ് കണക്കാക്കിയതെന്ന് ഉറപ്പാക്കാനായില്ല.

1-1-7 ആസ്തികൾ സൃഷ്ടിച്ചപ്പോൾ തത്തുല്യമായ തുക ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയില്ല

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയുടെ വിവിധ ഫണ്ട് തിരിച്ച് മുന്നിരിപ്പ് വിശദാംശം വ്യക്തമാക്കുന്ന

അടിസ്ഥാനരജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 2024-2025 വർഷം സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ശീർഷകത്തിലേക്ക് മാറ്റിയിടേണ്ട തുകയുടെ കൃത്യത പരിശോധിച്ച് ഉറപ്പാക്കാനായില്ല.

1-1-8 വാർഷികകണക്കിലെയും ഡിമാന്റ് രജിസ്റ്ററുകളിലെയും ഡി.സി.ബി.തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ഡി ആന്റ് ഒ ലൈസൻസ് എന്നീ ഇനങ്ങളിലെ വാർഷികകണക്കിലെ തുകകളും ഡിമാന്റ് രജിസ്റ്ററുകളിലെ ഡി.സി.ബി. തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-9 തൊഴിലുറപ്പ് പദ്ധതി ഭരണ ചെലവ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവുകൾ ₹29,11,654/- ആയിരിക്കെ, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് ഷെഡ്യൂൾ ഐ 14(F) – ൽ ഭരണച്ചെലവുകൾ ₹30,30,313/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

1-1-10 ഷെഡ്യൂൾ ബി – 5, ഷെഡ്യൂൾ ബി – 16 എന്നിവയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ഷെഡ്യൂൾ ബി – 5 പ്രകാരം, സ്വക്വേർഡ് ലോൺ ഇനത്തിലെ ബാലൻസ് തുക ₹9,00,29,406/- ആയിരിക്കെ, ഷെഡ്യൂൾ ബി – 16 പ്രകാരമുള്ള പ്രീപെയ്ഡ് എക്സ്പെൻസിന്റെ ബാലൻസ് ₹8,44,57,725/- ആണ്.

1-1-11 ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തിയില്ല.

തൻവർഷം പഞ്ചായത്ത് കെ.എസ്.ഇ.ബി. – യിൽ നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ ₹12,461/-, Advance To Implementing Agencies Deposit With KSEB എന്ന ശീർഷകത്തിൽ അഡ്വാൻസായി അക്കൗണ്ട് ചെയ്യുന്നതിന് പകരം പ്രസ്തുത ആസ്തിശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തി.

1-1-12 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി – 4 – ലെ, താഴെ പറയുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും (ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി – 17) തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഇനം (ഹെഡ് നം.)	ഷെഡ്യൂൾ ബി-4 പ്രകാരം നീക്കിയിരിപ്പ് (₹)	ഷെഡ്യൂൾ ബി-17 പ്രകാരം നീക്കിയിരിപ്പ് (₹)
ജലനിധി – 320300102	11,01,211	15,54,522 (15,38,625 + 15,897)
സി.എഫ്.സി. – ടൈഡ്ആന്റ് അൺ ടൈഡ് 320200104 + 320200113	17,90,047	2,38,14,175
ട്രൈബൽ സബ് പ്ളാൻ - 320100169	15,21,806	1,28,35,698

1-1-13 മെയിന്റനൻസ് ഗ്രാന്റ് -(റോഡ് – നോൺ റോഡ്) – ൽ നിന്ന് മൂലധനച്ചെലവ് രേഖപ്പെടുത്തി.

മെയിന്റനൻസ് ഗ്രാന്റ് (നോൺ – റോഡ്) ഇനത്തിലെ ചെലവിൽ ₹5,58,414/- – യും മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഇനത്തിലെ ചെലവിൽ ₹12,99,455/- – യും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംരക്ഷണഗ്രാന്റ് വിനിയോഗിക്കേണ്ടത് സംരക്ഷണപ്രവൃത്തികൾക്കും മറ്റുമാണ്. സംരക്ഷണപ്രവൃത്തികൾക്ക് വിനിയോഗിക്കുന്ന തുകകൾ റവന്യൂ ചെലവായാണ് അക്കൗണ്ട്സിൽ രേഖപ്പെടുത്തേണ്ടത്. എന്നാൽ സംരക്ഷണ ഗ്രാന്റിൽ ഓഡിറ്റ് വർഷത്തിൽ ₹18,57,869/-, മൂലധനച്ചെലവായി ഉൾപ്പെടുത്തിയിരിക്കുന്നു.

1-1-14 ഗ്രാന്റുകളുടെ വരവ് - ചെലവ് തുകകൾ വാർഷികകണക്കിൽ കൃത്യമായി പ്രതിഫലിക്കുന്നില്ല.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - ടൈഡ്, അൺടൈഡ്, വികസനഫണ്ട് – ജനറൽ, എസ്.സി.പി., ടി.എസ്.പി. മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം എന്നീയിനങ്ങളുടെ ഗ്രാന്റ് പത്രികയിലും സുലേഖ ചെലവ് പത്രികയിലും ഉൾപ്പെടുത്തിയിരിക്കുന്ന ചെലവ് തുകകൾ, വാർഷികധനകാര്യപത്രികയിലെ വരവ് – ചെലവ് തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

1-1-15 ജവഹർ ലോണിൽ ജേണൽ വൗച്ചർ പ്രകാരം ക്രഡിറ്റ് വന്നതിനെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഇല്ല

ജവഹർ ലോൺ ഹെഡ് നം.330500101 – ൽ 31.03.2025 – ൽ ജേണൽ വൗച്ചർ നം.42401042 പ്രകാരം ₹ 13,24,902/- പ്രീ പെയ്ഡ് എക്സ്പെൻസ് എന്ന ഹെഡ്ഡിൽ നിന്നും ക്രഡിറ്റ് ചെയ്തിട്ടുണ്ട്. തൻവർഷം ജവഹർ ലോൺ ഇനത്തിൽ വരവൊന്നും ഇല്ലാതിരിക്കെ, ഇത്തരത്തിൽ ലോൺ തുകയിൽ ₹ 13,24,902/- വർദ്ധനവ് വന്നതിനെ സാക്ഷ്യപ്പെടുത്തുന്ന രേഖകൾ ഹാജരാക്കിയില്ല.

1-2 സാമ്പത്തികവിശകലനം

ഇനം	തുക (₹)
മുന്നിരിപ്പ്	4,27,53,549
വരവ്	4,86,70,851
ആകെ	9,14,24,400
ചെലവ്	3,65,20,477
നീക്കിയിരിപ്പ്-	5,49,03,923

(കുറിപ്പ്:- പഞ്ചായത്തിന്റെ 2024-2025 – ലെ റസീറ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്.)

1-3 ബജറ്റ്

ഇനം	തീരുമാനം നമ്പർ/തീയതി
സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകാരം	1, 07.02.2024
ഭരണസമിതി അംഗീകാരം	1, 14.02.2024
ബജറ്റ് പുതുക്കൽ	3(1), 26.03.2025

ഇനം	പുതുക്കിയ ബജറ്റ് പ്രകാരം (₹)
മുന്നിരിപ്പ്	2,82,973
വരവ്	31,60,07,542

ആകെ	31,62,90,515
ചെലവ്	31,58,68,411
നീക്കിയിരിപ്പ്	4,22,104

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	മുന്നിരിപ്പ് (₹)	അലോട്ട്മെന്റ് (₹)/ വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
വികസന ഫണ്ട് - ജനറൽ	0	2,19,74,040	2,19,74,040	1,86,22,002	33,52,038
വികസന ഫണ്ട് – എസ്.സി.പി.	0	14,59,000	14,59,000	13,05,078	1,53,922
വികസന ഫണ്ട് – റ്റി.എസ്.പി.	0	63,84,000	63,84,000	54,35,530	9,48,470
സംരക്ഷണഗ്രാന്റ് – റോഡ്	0	30,74,000	30,74,000	29,76,892	97,108
സംരക്ഷണ ഗ്രാന്റ് - റോഡിതരം	0	46,40,000	4640000	20,89,834	25,50,166
കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺറ്റൈഡ്)ട്രഷറി	0	6,073	6,073	6,073	0
കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് (അൺറ്റൈഡ്)ബാങ്ക്	72,80,687	43,86,234 (37,40,000+int 6,46,234)	1,16,66,921	19,86,405	96,80,516
കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) ട്രഷറി	0	8,22,441	8,22,441	2,09,214	6,13,227
കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ബാങ്ക്	58,54,836	82,33,500	1,40,88,336	5,86,8381	82,19,955
ഐ.സി.ഡി.എസ്. (320100125) + (320100196)	8,92,940	0	8,92,940	8,92,940	0
സാക്ഷരത (320100197)	821	38	859	0	859
ശുചിത്വമിഷൻ ഗ്രാന്റ് (320100198)	12,11,314	0	12,11,314	0	12,11,314
സംസ്ഥാനഅവാർഡ് (320100200)	3,00,000	0	3,00,000	0	3,00,000
ജീവധാര (320300101)	2,23,915	10,190	2,34,105	0	2,34,105
ജലനിധി (320300102) **	15,07,992	8,41,978	23,49,970	12,48,759	11,01,211
സമ്പൂർണ്ണശുചിത്വം (320300103)	35,750	0	35,750	0	35,750
അദർ ഫണ്ട് (320300199)	74,08,207	0	74,08,207	14,10,000	59,98,207
മറ്റു ഫണ്ടുകൾ (320200399)	32,86,610	0	32,86,610	0	32,86,610
മറ്റ് ബാധ്യതകൾ (320100999)	4,13,125	88,900	5,02,025	90,900	4,11,125
കടിവെള്ളപദ്ധതി ഗ്രാന്റ് (320200305)	1,183	0	1,183	0	1,183
ഹെൽത്ത് ഗ്രാന്റ് (320100202)	7,96,533	5,973	8,02,506	2,90,661	5,11,845
ഹെൽത്ത് ഗ്രാന്റ് (320100204)	3,41,072	2,702	3,43,774	0	3,43,774
പ്രത്യേകകേന്ദ്രസഹായം (320100169)	9,63,125	5,58,681	15,21,806	0	15,21,806
സ്വച്ഛ് ഭാരത് അഭിയാൻ (320100174)	0	3,34,950	3,34,950	3,34,950	0

ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ്, അൺടൈഡ്, വികസനഫണ്ട് – ജനറൽ, എസ്.സി.പി., ടി.എസ്.പി. മെയിന്റനൻസ് ഗ്രാന്റ് - റോഡിതരം എന്നീയിനങ്ങളുടെ ഗ്രാന്റ് പത്രികയിലും സുലേഖ ചെലവ് പത്രികയിലും ഉൾപ്പെടുത്തിയിരിക്കുന്ന ചെലവ് തുകകൾ വാർഷികധനകാര്യപത്രികയിലെ വരവ് – ചെലവ് തുകകളുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

1-4-1 സ്രോതസിൽ നിന്നും കുറവ് ചെയ്ത തുകയുടെ വിശദാംശങ്ങൾ

വിവിധ ഫണ്ടുകളുടെ വിഹിതം അനുവദിച്ച വേളയിൽ ചുവടെ കൊടുത്തിരിക്കുന്ന തുകകൾ സ്രോതസ്സിൽ നിന്നും കിഴിവ്ചെയ്തിട്ടുണ്ട്. ആയത് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഫണ്ട്	ലൈഫ് ലോൺ (₹)	അങ്കണവാടി ഓണറേറിയം (₹)	ആകെ (₹)
വികസനഫണ്ട് – ജനറൽ	49,15,307	11,38,800	60,54,107
വികസനഫണ്ട് – എസ്.സി.പി.	1,23,512	0	1,23,512
വികസനഫണ്ട് – ടി.എസ്.പി.	23,22,606	0	23,22,606

1-4-2 ഗ്രാന്റ് വിനിയോഗം – നിശ്ചിതശതമാനം ചെലവഴിച്ചില്ല – 2026 – 2027 വർഷം 16,22,166/- ലാപ്സാകും

15.07.2021 – ലെ സ.ഉ.(കൈ)നം.79/2021/ധന. പ്രകാരം 2024-2025 സാമ്പത്തികവർഷം അനുവദിച്ച ഫണ്ടിന്റെ 80 % – ൽ കുറയാതെ ചെലവഴിക്കാത്ത പക്ഷം അനുവദിച്ച തുകയുടെ പരമാവധി 20 % മാത്രമെ അടുത്ത സാമ്പത്തികവർഷം ക്യാരി ഓവർ ചെയ്യാൻ അനുമതിയുള്ളൂ. അതിനാൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പഞ്ചായത്തിന് നഷ്ടമുണ്ടാകും.

ഫണ്ടിനം	വരവ് (₹)	ചെലവ് (₹)	തൻവർഷം ചെലവ് ചെയ്യേണ്ടിയിരുന്ന 80 % തുക (₹)	തൻവർഷം 80 % ചെലവില്ലാത്തതിനാൽ ലാപ്സായതും 2026-2027 വർഷം കുറവ് ചെയ്യുന്നതുമായ തുക (₹)
മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്	46,40,000	20,89,834	37,12,000	16,22,166

1-5 പദ്ധതി അവലോകനം

പദ്ധതി ആസൂത്രണത്തിലെ ആദ്യനടപടിയായി ആസൂത്രണസമിതിയും വർക്കിംഗ് ഗ്രൂപ്പുകളും പുനഃസംഘടിപ്പിക്കുകയും 22.12.2023 – ൽ വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗങ്ങൾ ചേരുകയും ചെയ്തു. തയ്യാറാക്കിയ കരട് പദ്ധതികൾ 14.01.2024, 01.09.2024, 07.09.2024 എന്നീ തീയതികളിൽ നടന്ന പദ്ധതിആസൂത്രണ ഗ്രാമസഭ/ഊരുകൂട്ടയോഗങ്ങളിൽ അവതരിപ്പിക്കുകയും അവയുടെ അംഗീകാരത്തോടെ 09.02.2024 – ൽ വികസനസെമിനാറിൽ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു. വാർഷികപദ്ധതിയ്ക്ക് താഴെ പ്രതിപാദിക്കും പ്രകാരം ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭിച്ചു.

അംഗീകാരം നം./തീയതി - നം.677/24/DPC/DPO/IDK/05.03.2025

2024-2025 സാമ്പത്തികവർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതിച്ചെലവ് (₹)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം (%)
191	20,17,79,273	99	5,47,93,821	104	51.83

വിവിധ നിർവ്വഹണോദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

നിർവഹണോദ്യോഗസ്ഥൻ	ആകെ	നടപ്പാക്കിയ	അടങ്കൽ	ചെലവ്	ചെലവ്

	പദ്ധതികളുടെ എണ്ണം	പദ്ധതികളുടെ എണ്ണം	(₹)	(₹)	ശതമാനം (₹)
കൃഷി ഓഫീസർ	9	8	61,73,804	36,38,850	58.94
വെറ്ററിനറി സർജൻ	5	5	10,23,600	8,13,600	79.48
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	18	12	76,21,587	24,33,516	31.92
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	22,90,802	5,79,937	25.31
ICDS സൂപ്പർവൈസർ	10	10	80,28,508	32,50,635	40.48
വി.ഇ.ഒ.	19	9	13,33,88,283	2,22,59,500	16.68
സെക്രട്ടറി	48	25	2,24,08,845	1,33,62,458	6.07
അസിസ്റ്റന്റ് എഞ്ചിനീയർ	74	26	2,77,68,506	80,97,634	29.16
ഹെഡ് മാസ്റ്റർ	6	2	15,75,563	3,57,691	22.70
ആകെ	191	99	20,17,79,273	5,47,93,821	27.15

വിവിധ പദ്ധതികൾക്കായി ആകെ വകയിരുത്തിയിരുന്ന ₹20,17,79,273/- – ൽ ₹5,47,93,821/- മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്. വി.ഇ.ഒ., അസിസ്റ്റന്റ് എഞ്ചിനീയർ, വെറ്ററിനറി സർജൻ എന്നിവർ നിർവ്വഹണോദ്യോഗസ്ഥരായി നടപ്പാക്കിയ പദ്ധതികളുടെ ചെലവ് കുറവായതിനാൽ, വാർഷികപദ്ധതിച്ചെലവ് കുറയാൻ കാരണമായി. പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിട്ടർ ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ അപാകങ്ങളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. നിർവ്വഹണം പൂർത്തിയാക്കിയ എല്ലാ പദ്ധതികളുടെ ഫയലുകളിലും പൂർത്തീകരണസാക്ഷ്യപത്രം, മോണിട്ടറിംഗ് സമിതി റിപ്പോർട്ട് എന്നിവ തയ്യാറാക്കി സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. വ്യക്തിഗതഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ അവർ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും ടി ലിസ്റ്റ് പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ചിട്ടുള്ളതാണെന്നും നിർവഹണോദ്യോഗസ്ഥർ ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ, ഉപകരണങ്ങൾ, തൈകൾ, വിത്തുകൾ, വളർത്തു മൃഗങ്ങൾ/പക്ഷികൾ എന്നിവയെ നൽകുമ്പോൾ കൈപ്പറ്റ് രസീത് അല്ലെങ്കിൽ വിതരണരജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
ഭരണച്ചെലവുകൾ	2,904	29,08,750	29,11,654	29,11,654	0
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	2,84,79,000	2,84,79,000	2,84,79,000	0
ആകെ	2,904	3,13,87,750	3,13,90,654	3,13,90,654	0

തൊഴിലുറപ്പ് പദ്ധതിയുടെ, ഭരണച്ചെലവുകൾ ₹29,11,654/- ആയിരിക്കെ, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, ഷെഡ്യൂൾ ഐ 14(F) – ൽ, ഭരണച്ചെലവുകൾ ₹30,30,313/- എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

1-7 ക്ഷേമപെൻഷനുകൾ

തൻവർഷം വിവിധ ക്ഷേമപെൻഷനുകൾക്ക് ഗ്രാമപ്പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപെൻഷന്റെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
വിധവ പെൻഷൻ	46,44,400	242

വാർദ്ധക്യകാലപെൻഷൻ	1,62,66,700	847
വികലാംഗപെൻഷൻ	16,28,600	84
50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ	60,800	3
കർഷകത്തൊഴിലാളി പെൻഷൻ	22,29,600	116

1-8 ക്യാഷ് പരിശോധന

1994 - ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2025 – ന് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

മനുഷ്യവിഭവശേഷിയുടെ ഫലപ്രദമായ വിനിയോഗം ഉറപ്പുവരുത്തുന്നതിന് കാര്യക്ഷമമായ ആഭ്യന്തരനിയന്ത്രണ സംവിധാനം സ്ഥാപനത്തിൽ പ്രവർത്തനസജ്ജമാക്കേണ്ടത് അനിവാര്യമാണ്. അധികാര – ഉത്തരവാദിത്ത ബന്ധങ്ങളെ കൃത്യമായി നിർവ്വചിച്ചുകൊണ്ടുള്ള ഉദ്യോഗസ്ഥസംഘടനാ സംവിധാനം, ശക്തവും കാര്യക്ഷമവുമായ മേൽനോട്ടത്തിൽ ചുമതലനിർവ്വഹണം, നിർദ്ദേശങ്ങളുടെയും ആശയങ്ങളുടെയും കാര്യക്ഷമമായ വിനിമയം, കൃത്യമായ ഇൻഡക്സിങ്ങ് സംവിധാനത്തോടെയും സുരക്ഷിതവും സുഗമവുമായ രീതിയിലുള്ള രേഖകളുടെ സൂക്ഷിപ്പ് എന്നിവയോടൊപ്പം പൊതുജനങ്ങളോടുള്ള അക്കൗണ്ടബിലിറ്റി ഉറപ്പുവരുത്തൽ എന്നിവയാണ് ഫലപ്രദമായ ആഭ്യന്തരനിയന്ത്രണസംവിധാനത്തിന്റെ അടിസ്ഥാനം.

ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തുനികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ കരാർ ഉടമ്പടി രജിസ്റ്റർ, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പദ്ധതികളുടെ നിർവ്വഹണത്തിലെ പുരോഗതി അവലോകനം ചെയ്യുന്നില്ല. തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധനസാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ എല്ലാ നിർവ്വഹണോദ്യോഗസ്ഥരുടെയും പങ്കാളിത്തത്തോടെ പദ്ധതികളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്. ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിക്കുന്ന അപാകങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷികപദ്ധതിയുടെ നിർവ്വഹണഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടത്തുന്നില്ല.

പഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. ആഭ്യന്തരനിയന്ത്രണം, വർക്കിംഗ് ഗ്രൂപ്പുകളുടെ

ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതിനിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതിനിർവ്വഹണം മോണിട്ടർ ചെയ്യുന്നതിലും പദ്ധതിയുടെ പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം, സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുവാനും സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് സാധിച്ചിട്ടില്ല. പ്രതിമാസ വരവ് -ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

1-9-1 മുൻകൂർ രജിസ്റ്റർ

മുൻകൂർ രജിസ്റ്ററിൽ ഓണം മുൻകൂർ വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷികകണക്കുകൾ പ്രകാരം, നിർവ്വഹണോദ്യോഗസ്ഥർക്കുള്ള മുൻകൂർ, മറ്റുള്ളവർക്കുള്ള മുൻകൂർ എന്നിവയിൽ മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ, രജിസ്റ്ററിൽ വിവരങ്ങൾ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-9-2 സ്റ്റോക്ക് രജിസ്റ്റർ

വാങ്ങുന്ന സ്റ്റോക്കുകളുടെ വിവരങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ബിൽ/വൗച്ചർ വിവരങ്ങൾ, പർച്ചേസ് ബിൽ വിവരങ്ങൾ, സ്പെസിഫിക്കേഷൻ, വാറണ്ടി, സ്റ്റോക്കിന്റെ മൂല്യം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. സാമ്പത്തികവർഷാവസാനം സ്റ്റോക്കുകളുടെ ഭൗതികപരിശോധന നടത്തി രേഖപ്പെടുത്തിയ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

1-9-3 സ്യൂട്ട് രജിസ്റ്റർ

സ്യൂട്ട് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തലുകൾ നടത്തുന്നില്ല. അതിനാൽ, കേസുകളുടെ തൽസ്ഥിതി സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ നിന്നും വ്യക്തമായി അറിയുന്നതിന് സാധിക്കുന്നില്ല.

1-9-4 ഓഡിറ്റ് റിക്കവറി രജിസ്റ്റർ

ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ വിവിധ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലെ ഖണ്ഡികകളുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള നഷ്ടോത്തരവാദിത്വം സംബന്ധിച്ച വിവരങ്ങൾ, തുക തിരികെ ഒടുക്കിയിട്ടുള്ളതിന്റെ വിവരങ്ങൾ എന്നിവ ചേർത്ത് കാലികമാക്കിയിട്ടില്ല.

1-9-5 ഡെപ്പോസിറ്റ് രജിസ്റ്റർ

ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. ഡെപ്പോസിറ്റുകളുടെ റീഫണ്ട് വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി അധികൃതമാക്കിയിട്ടില്ല. എല്ലാ കോളത്തിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തിയിട്ടില്ല.

1-10 തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു

2024-2025 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ, ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	കുടിശ്ശികയുള്ള പാദം	കുടിശ്ശികയുള്ള തുക (₹)
1	കേരള ഫോറസ്റ്റ് ഡെവലപ്മെന്റ് കോർപറേഷൻ	I, II	2,500
2	സായി ഗാർഡൻസ് ഹിൽ പബ്ലിക് സ്കൂൾ	I	10,600
3	കള്ള് ഷാപ്പ് – 1	I, II	1,200
4	കള്ള് ഷാപ്പ് – 2	I, II	1,200
5	ക്ഷീരോത്പാദകസഹകരണസംഘം	I, II	600
ആകെ			16,100

മേൽ സ്ഥാപനങ്ങൾ തൊഴിൽ നികുതിയിനത്തിൽ കുടിശ്ശിക വരുത്തിയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.9/തീയതി. 15.10.2025), മേൽ കക്ഷികൾക്ക് അടിയന്തിരമായി 2nd നോട്ടീസ് നൽകി തുകയീടാക്കി വിവരം രേഖാമൂലം അറിയിക്കുന്നതാണെന്നാണ് മറുപടി നൽകിയത്. കുടിശ്ശികയുള്ള തുകയീടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-11 D & O ലൈസൻസ് രജിസ്റ്റർ & പ്രൊഫഷൻ ടാക്സ് രജിസ്റ്റർ – ഡി.സി.ബി.സ്റ്റേറ്റ്മെന്റ് തയ്യാറാക്കുന്നതിൽ അപാകങ്ങൾ

മാങ്കുളം ഗ്രാമപ്പഞ്ചായത്തിന്റെ D & O ലൈസൻസ് രജിസ്റ്റർ, പ്രൊഫഷൻ ടാക്സ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, ഡി.സി.ബി. സ്റ്റേറ്റ്മെന്റുകൾ തെറ്റായ രീതിയിലാണ് തയ്യാറാക്കുന്നത്. ഒരു നിശ്ചിത കാലയളവിൽ പിരിക്കേണ്ട തുകയാണ് ഡിമാൻഡ്. ആ കാലയളവിൽ യഥാർത്ഥത്തിൽ പിരിച്ചെടുത്ത തുകയാണ് കളക്ഷൻ. പിരിച്ചെടുക്കാൻ കുടിശ്ശികയുള്ള തുക ബാലൻസായും കാണിക്കണം. ഈ രീതിയിലാണ് ഡി.സി.ബി. സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടത്. എന്നാൽ ഈ പഞ്ചായത്തിൽ ഡി.സി.ബി. സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുന്നത് മേൽപ്പറഞ്ഞ പ്രകാരമല്ല. ഒരു സാമ്പത്തികവർഷത്തിൽ വരവായി ലഭിച്ച തുക ഡിമാൻഡായും കളക്ഷനായും രേഖപ്പെടുത്തി ബാലൻസ് പൂജ്യമാക്കി ഡി.സി.ബി. ക്ലോസ് ചെയ്യുന്ന രീതിയാണ് വർഷങ്ങളായി ഈ പഞ്ചായത്തിൽ ചെയ്തുവരുന്നത്. ഉദാഹരണത്തിന് തൊഴിൽ നികുതി രജിസ്റ്ററിലെ 2024-2025 വർഷത്തെ തൊഴിൽ നികുതിയിനത്തിൽ കുടിശ്ശികയുണ്ടായിട്ടും ആ വർഷത്തെ ഡി.സി.ബി. സ്റ്റേറ്റ്മെന്റിൽ ബാലൻസ് പൂജ്യമായിട്ടാണ് രേഖപ്പെടുത്തിയത്. ആ വർഷത്തെ കളക്ഷൻ തന്നെ ഡിമാൻഡായും കാണിച്ചിട്ടുണ്ട്. ഈ രീതി ക്രമപ്രകാരമല്ല. മേൽപ്പറഞ്ഞ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.10/തീയതി. 15.10.2025), ഡി.സി.ബി. സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുന്നതിൽ തെറ്റ് സംഭവിച്ചിട്ടുണ്ടെന്നും തുടർന്നുള്ള വർഷങ്ങളിൽ ഈ തെറ്റ് സംഭവിക്കാതെ ശ്രദ്ധിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. ഭാവിയിൽ ഡി.സി.ബി. സ്റ്റേറ്റ്മെന്റുകൾ തയ്യാറാക്കുമ്പോൾ മേൽ അപാകങ്ങൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

1-12 തനത് ഫണ്ട് കറന്റ് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നതിനാൽ പലിശയിനത്തിൽ വരുമാനനഷ്ടം ഉണ്ടാകുന്നു

ഓൺലൈൻ ഇടപാടുകൾക്കായി ഉപയോഗിക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ 2025 മാർച്ച് 31 – ലെ നീക്കിയിരിപ്പ് തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	അക്കൌണ്ട് നം.	ബാങ്കിന്റെ പേര് & ബ്രാഞ്ച്	അക്കൌണ്ട് ആരംഭിച്ച തീയതി	ബാലൻസ് തുക(₹)
1	22180200000846	ഫെഡറൽ ബാങ്ക് മാങ്കുളം	14.08.2023	13,63,067
2	37474810977	എസ്.ബി.ഐ. അടിമാലി	16.01.2018	10,46,222
ആകെ				24,09,289

മേൽപ്പറഞ്ഞ ബാങ്ക് അക്കൗണ്ടുകളിൽ വലിയ തുകകൾ നീക്കിയിരിപ്പുണ്ടെങ്കിലും ഇവ കറണ്ട് അക്കൌണ്ട് ആയതിനാൽ പലിശയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന വരുമാനത്തിൽ വലിയ നഷ്ടമാണ് ഉണ്ടാകുന്നത്. ടി അപാകത്തിന് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.15/തീയതി. 16.10.2025) നൽകിയതിന്, ഗ്രാമപ്പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടുകൾ പലിശരഹിത കറന്റ് അക്കൗണ്ടുകളായി തുടങ്ങാനുണ്ടായ സാഹചര്യം വ്യക്തമല്ലെന്നും പലിശയിനത്തിലുള്ള വരുമാനനഷ്ടം അടിയന്തിരമായി ബഹുമാനപ്പെട്ട കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തി രണ്ട് അക്കൗണ്ടുകളും ക്ലോസ് ചെയ്ത്, സേവിംങ്സ് അക്കൗണ്ടുകളാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി നൽകി. മേൽ വിഷയത്തിൽ കൈക്കൊള്ളുന്ന നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-13 അഡ്വാൻസ് രജിസ്റ്റർ - 2024-2025 വർഷത്തെ വിവരങ്ങൾ ലഭ്യമല്ല

മാങ്കുളം ഗ്രാമപ്പഞ്ചായത്തിൽ സൂക്ഷിക്കുന്ന അഡ്വാൻസ് രജിസ്റ്ററിൽ 2024-2025 വർഷം അഡ്വാൻസ് നൽകിയതിന്റെയും ക്രമീകരിച്ചതിന്റെയും അഡ്വാൻസ് ക്രമീകരിക്കാത്തതിന്റെയും വിവരങ്ങളൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. 2023-2024 വർഷത്തെ അഡ്വാൻസ് ക്രമീകരിക്കാത്തതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Head Of Account	Particulars	Amount Not Adjusted
460500501	Advances To Implementing Officers	66,780
460100103	Temporary Advance To Official Purpose	3,05,000
460500202	Deposit With KSEB	1,48,529
460500204	Deposit With PWD	8,11,224
460509901	Advance To Others	6,93,899
460500801	Advance To MGNREGA Expense	21,43,891

2023-2024 വർഷത്തിൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന അഡ്വാൻസുകളിൽ ഏതൊക്കെ ക്രമീകരിച്ചു, 2024-2025 കാലയളവിൽ അഡ്വാൻസ് കൊടുത്തതിന്റെ വിശദാംശങ്ങൾ, ഓരോ ഇനങ്ങളുടെയും ക്ലോസിംഗ് ബാലൻസ് തുടങ്ങിയവയൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ കാലികമാക്കാത്തതിനുള്ള കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11/തീയതി. 15.10.2025) മറുപടി ലഭിച്ചില്ല.

1-14 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നില്ല

ഗ്രാമപ്പഞ്ചായത്തിന്റെ 2024-2025 വാർഷികകണക്കിലെ ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ B – 7 പ്രകാരം, ചുവടെ ചേർത്തിട്ടുള്ള ഡെപ്പോസിറ്റുകൾ അവശേഷിക്കുന്നുണ്ട്.

ക്രമ നം.	ഇനം	01.04.2024 – ലെ മുന്നിരിപ്പ് (₹)	31.03.2025 – ലെ നീക്കിയിരുപ്പ് (₹)
1	Contractors’ Earnest Money Deposit	38,660	53,660
2	Suppliers’ Earnest Money Deposit	1,91,160	1,86,660
3	Bidders’ Earnest Money Deposit	2,88,221	2,88,221
4	Contractors’ Security Deposit	20,250	20,250
5	Suppliers’ Security Deposit	64,225	56,225
6	Contractors’ Retention	5,59,955	6,53,489
7	Election Deposit	49,000	49,000
8	Other Deposits	6,500	6,500
9	Rent Deposits	1,000	1,000
10	Auction Deposits	5,000	5,000
11	Deposit Received For Halls And Auditoriums	1,000	1,000
12	Deposit Received From Others	24,188	24,188
	ആകെ	12,49,159	13,45,193

ഡെപ്പോസിറ്റ് രജിസ്റ്ററിൽ ഓരോ വർഷത്തെയും മുന്നിരിപ്പ്, നീക്കിയിരിപ്പ് തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഏത് വർഷം മുതലുള്ള ഡെപ്പോസിറ്റുകളാണ് അവശേഷിക്കുന്നതെന്ന് തിരിച്ചറിയാനാവുന്നില്ല. കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 56 (ബി) പ്രകാരം Liability Period – ന് ശേഷം മൂന്ന് വർഷം കഴിഞ്ഞ ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടണമെന്നാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.21/തീയതി. 17.10.2025) മറുപടി നൽകിയില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ലെങ്കിൽ അത് മുതൽക്കൂട്ടുവാൻ വേണ്ട നടപടികളെടുത്ത് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 ഫെസ്റ്റിവൽ അഡ്വാൻസ് - കുടിശ്ശിക - വിശദാംശങ്ങൾ ലഭ്യമല്ല

ഗ്രാമപ്പഞ്ചായത്തിന്റെ 2024-2025 വർഷത്തെ ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ B – 18 പ്രകാരം, ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ ₹24,000/- ലഭ്യമാകാനുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഫെസ്റ്റിവൽ അഡ്വാൻസ് നൽകിയതിന്റെയോ തിരികെ ഈടാക്കിയതിന്റെയോ യാതൊരു വിവരവും ലഭ്യമല്ല. 2024-2025 വർഷത്തിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിലെ കുടിശ്ശികയുമായി ബന്ധപ്പെട്ട വിവരങ്ങൾ നിർദിഷ്ടമാതൃകയിൽ ലഭ്യമാക്കാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.20/തീയതി. 16.10.2025) മറുപടി നൽകിയില്ല. ഫെസ്റ്റിവൽ അഡ്വാൻസ് കുടിശ്ശികയുമായി ബന്ധപ്പെട്ട വിശദാംശങ്ങളും കുടിശ്ശിക തീർപ്പാക്കാൻ കൈക്കൊണ്ട നടപടികളും അറിയിക്കേണ്ടതാണ്.

1-16 ആംബുലൻസ് ഉപയോഗം - ലോഗ് ബുക്ക് പരിപാലിക്കുന്നില്ല

മാങ്കുളം ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL-06-F-5239 – നമ്പർ ആംബുലൻസ്, പ്രവർത്തനം ആരംഭിച്ചിട്ട് പത്ത് വർഷത്തിൽ അധികമായിട്ടുണ്ടെങ്കിലും നാളിതുവരെയും ലോഗ് ബുക്ക് പരിപാലിക്കാതെയാണ് പ്രവർത്തിച്ചുവരുന്നത്. ടി അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.26/തീയതി. 17.10.2025) മറുപടി ലഭ്യമാക്കിയില്ല. സാധാരണയാത്രയ്ക്കല്ലാതെ ഉപയോഗിക്കുന്ന ആംബുലൻസ്, അഗ്നിസുരക്ഷാ വാഹനം തുടങ്ങിയ പ്രത്യേകോദ്ദേശ്യവാഹനങ്ങളുടെ ഉപയോഗത്തിന്റെ വ്യവസ്ഥകൾ ഉൾപ്പെടുത്തി ധനകാര്യവകുപ്പിന്റെ 13.11.1970 – ലെ സ.ഉ.(അ)നം.803/1970/ധന. – പ്രകാരം ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ ചട്ടം 31 പ്രകാരം, വാഹനത്തിന് പ്രത്യേകമായി ലോഗ് ബുക്ക് പരിപാലിക്കണമെന്നും ചട്ടം 33 പ്രകാരം, ഓരോ ട്രിപ്പിനും ലോഗ് ബുക്കിൽ പ്രത്യേക എൻട്രി വരുത്തണമെന്നും ഇന്ധനം നിറയ്ക്കുമ്പോൾ അതിന്റെ അളവ്, തീയതി തുടങ്ങിയവ ലോഗ് ബുക്കിൽ എഴുതി സാക്ഷ്യപ്പെടുത്തണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വർഷങ്ങളായി ഓടിക്കൊണ്ടിരിക്കുന്ന ആംബുലൻസിന് ലോഗ് ബുക്ക് പരിപാലിക്കാൻ നടപടികളെടുക്കാത്തത് പഞ്ചായത്ത് അധികാരികളുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ കൃത്യവിലോപമാണ്. ആംബുലൻസിന് ലോഗ് ബുക്ക് പരിപാലിക്കാൻ വേണ്ട നടപടികളെടുത്ത് അറിയിക്കേണ്ടതാണ്.

1-17 ടിക്കറ്റ് കൂപ്പൺ പ്രിന്റിംഗ് - ക്വട്ടേഷൻ ക്ഷണിക്കാത്തതിനാൽ അമിത തുക നൽകി

പെരുമ്പൻകുത്ത് വെള്ളച്ചാട്ടം പവലിയൻ, ജോർജിയാർ തൂക്കുപാലം എന്നിവയിലേക്കുള്ള പ്രവേശനത്തിനായി മാങ്കുളം ഗ്രാമപ്പഞ്ചായത്ത് ₹10/- നിരക്കിൽ ടിക്കറ്റ് ഏർപ്പെടുത്തിയിട്ടുണ്ട്. 2024-2025 കാലയളവിൽ ഉപയോഗിച്ച കൂപ്പൺ

ബുക്കുകളുടെയും അവയുടെ പ്രിന്റിംഗിന് ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കൂപ്പൺ ഇനം	ഉപയോഗിച്ച രസീത് ബുക്കുകളുടെ നമ്പർ	ഉപയോഗിച്ച കൂപ്പൺ ബുക്കുകളുടെ എണ്ണം	ഒരു കൂപ്പൺ ബുക്കിന്റെ വില (₹)	ആകെ ചെലവ് (₹)
പെരുമ്പൻകുത്ത് വെള്ളച്ചാട്ടം പവലിയൻ	435 മുതൽ 979 വരെ	545	120	65,400
ജോർജിയാർ തൂക്കുപ്പാലം	1 മുതൽ 125 വരെ (ഡിസംബർ 24 മുതലാണ് ആരംഭിച്ചത്)	125	120	15,000
ആകെ				80,400

നിലവിൽ ടിക്കറ്റ് കൂപ്പൺ പ്രിന്റ് ചെയ്യുന്നത് അടിമാലിയിലുള്ള കളർ മാജിക്ക് എന്ന സ്ഥാപനത്തിലാണ്. പഞ്ചായത്ത് അംഗീകരിച്ച റണ്ണിംഗ് ക്വട്ടേഷൻ പ്രകാരം, ഒരു രസീത് ബുക്കിന് ₹160/- സ്ഥാപനം ക്വാട്ട് ചെയ്തത്. രസീത് ബുക്കിന് ₹120/- നിരക്കിൽ കുറച്ചാണ് സ്ഥാപനം നൽകിയിട്ടുള്ളതെങ്കിലും വളരെ ക്വാളിറ്റി കുറഞ്ഞ പേപ്പറാണ് ടിക്കറ്റ് കൂപ്പണുകളുടെ പ്രിന്റിംഗിനായി ഉപയോഗിച്ചത്. ടിക്കറ്റ് കൂപ്പണുകളുടെ ഭൗതികപരിശോധനയിൽ ഇതിലും കുറഞ്ഞ നിരക്കിൽ കൂപ്പൺ പ്രിന്റ് ചെയ്യാമായിരുന്നുവെന്നും ഓഡിറ്റ് വിലയിരുത്തുന്നു. മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.29/തീയതി. 17.10.2025) മറുപടി ലഭിച്ചില്ല. സ്റ്റോർ പർച്ചേസ് മാന്വൽ, ഖണ്ഡിക നം.7.6 പ്രകാരം, ₹15,000/- മുതൽ ₹1,00,000/-വരെയുള്ള പർച്ചേസുകൾക്ക് ക്വട്ടേഷൻ ക്ഷണിക്കണമെന്നാണ്. ആയതിനാൽ ഭാവിയിൽ ക്വട്ടേഷൻ ക്ഷണിച്ച് കൊണ്ടുമാത്രം ടിക്കറ്റ് കൂപ്പൺ പ്രിന്റ് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-18 മെഡിക്കൽ ഓഫീസർ (ആരോഗ്യം) നടപ്പാക്കിയ പദ്ധതികൾ - ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല - ₹92,346/- തടസ്സപ്പെടുത്തുന്നു.

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ (സുലേഖ ചെലവ് പത്രിക പ്രകാരം) ഫയലുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.17/തീയതി. 16.10.2025) ലഭ്യമാക്കിയ മറുപടിയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതി നം.	പദ്ധതിയുടെ പേര്	അടങ്കൽ (₹)/ചെലവ് (₹)	ഫണ്ടിനം	വൗച്ചർ നമ്പർ/തീയതി	തുക (₹)	മെഡിക്കൽ ഓഫീസറുടെ മറുപടി
1	193/25	കുടുംബാരോഗ്യ കേന്ദ്രത്തിന് ഫർണ്ണിച്ചർ വാങ്ങൽ	2,00,000/- 9,550/-	സി.എഫ്.സി.	ലഭ്യമല്ല	9,550/-	193/25കുടുംബാരോഗ്യ കേന്ദ്രത്തിന് ഫർണ്ണീച്ചർ വാങ്ങൽ എന്ന പദ്ധതി, സുലേഖ, സാംഖ്യ എന്നീ സൈറ്റുകൾ വഴി ലഭ്യമാക്കിയിരുന്നു. എന്നാൽ ഫർണ്ണീച്ചർ വാങ്ങി സാംഖ്യ മുഖേന ബിൽ സമർപ്പിച്ചപ്പോൾ തുക ലഭ്യമല്ല എന്ന് പഞ്ചായത്തിൽ നിന്നും മറുപടി ലഭിച്ചതിനാൽ പണമിടപാട് നടത്താനായില്ല എന്നും 2025-2026 - ൽ പദ്ധതി നം.213 ആയി ഏറ്റെടുത്ത് നടപ്പിലാക്കി എന്നും അറിയിച്ചു.
2	237/2025	ആരോഗ്യ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനെസ് പ്രവർത്തനം	1,00,000/- 92,346/-	ഹെൽത്ത് ഗ്രാന്റ്	ലഭ്യമല്ല	92,346/-	237/2025, പദ്ധതി പ്രകാരം ചെലവ് മൂന്ന് ബില്ലുകളായി നടത്തിയതാണ്. ഓഡിറ്റിന് ഹാജരാക്കാൻ വൗച്ചറുകൾ ഓഫീസിൽ കാണുന്നില്ല എന്നാണ് ഓഫീസിൽ

		നടപ്പാക്കൽ					നിന്നും കിട്ടിയ മറുപടി.
3	124/2025	പാലിയേറ്റീവ് കെയർ പരിചരണ പദ്ധതി	7,03,053/- 2,53,100/-	ബ്ലോക്ക് വിഹിതം	ലഭ്യമല്ല	58,710/-	124/2025, പാലിയേറ്റീവ് കെയർ പരിചരണപദ്ധതിയിൽ ബ്ലോക്ക് വിഹിതം ലഭ്യമായില്ല.

₹9,550/-, ₹58,710/- എന്നീ തുകകൾ സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് കാണിക്കുകയും നിർവ്വഹണോദ്യോഗസ്ഥന് തുക നൽകാതിരിക്കുകയും ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ക്രമ നമ്പർ 2 പ്രകാരമുള്ള രേഖകൾ ഹാജരാക്കാത്തിനാൽ ₹92,346/- – യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 പട്ടികവർഗ്ഗവികസന വകുപ്പ് – കോർപ്പസ് ഫണ്ട് – തുക തിരിച്ചടച്ചില്ല

19.03.2025 – ലെ കമ്മറ്റി തീരുമാനപ്രകാരം പട്ടികവർഗ്ഗവികസന വകുപ്പ് കോർപ്പസ് ഫണ്ടിൽ നിന്നും മാങ്കുളം ഗ്രാമപ്പഞ്ചായത്തിന് വിവിധ നിർമ്മാണപ്രവൃത്തികൾക്ക് തുക അനുവദിച്ച് നൽകിയിട്ടുള്ളതിൽ, ഇതുവരെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത പ്രവൃത്തികളുടെ തുക പലിശ ഉൾപ്പടെ സർക്കാരിലേയ്ക്ക് തിരിച്ചടച്ച് ചെല്ലാൻ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ കാര്യാലയത്തിൽ ലഭ്യമാക്കണമെന്ന് അറിയിച്ച് കൊണ്ട് ബഹു.ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ നിന്നും ലഭ്യമായ കത്ത് കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും ഇതുവരെ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടില്ലാത്ത ചുവടെ ചേർത്തിരിക്കുന്ന പ്രവൃത്തികളുടെ അനുവദിച്ച തുക പലിശ ഉൾപ്പടെ 2225-02-911-99-ROP(Non Plan) എന്ന ശീർഷകത്തിൽ ട്രഷറിയിൽ തിരിച്ചടയ്ക്കുന്നതിനും നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തിയും പഞ്ചായത്ത് കമ്മിറ്റി ഐക്യകണ്ഠേന അംഗീകരിച്ച് തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.14/തീയതി. 16.10.2025), നാളിതുവരെ പ്രവർത്തനം ആരംഭിക്കാത്ത പദ്ധതികളുടെ തുക പലിശ സഹിതം സർക്കാരിലേക്ക് തിരികെ അടവാക്കുന്നതിന് ബഹു.ഇടുക്കി ജില്ലാ കളക്ടറുടെ 13.12.2024 – ലെ DCIDK/6705/2024-FI – നമ്പർ നിർദ്ദേശം ലഭിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മറ്റിയുടെ 19.03.2025 – ലെ 14 (1) നമ്പർ തീരുമാനപ്രകാരം, തുക പലിശ സഹിതം തിരികെ അടവാക്കുന്നതിന് കമ്മറ്റി തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ₹1,01,20,100/- (പലിശ ₹4,15,100/- ഉൾപ്പെടെ) – യുടെ 06.05.2025 – ലെ 0060963 നമ്പർ ചെക്ക് തയ്യാറാക്കി സെക്രട്ടറിഒപ്പ് വെച്ച് പഞ്ചായത്ത് പ്രസിഡന്റിന് സമർപ്പിക്കുകയും ചെയ്തിരുന്നുവെന്നും എന്നാൽ പ്രസിഡന്റ് ഒപ്പ് വെയ്ക്കുവാൻ വിസമ്മതിച്ചതിനെത്തുടർന്ന് തുക അടയ്ക്കുവാൻ സാധിച്ചില്ല എന്നും മറുപടി നൽകി. തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതിയുടെ പേര്	അനുവദിച്ച തുക (₹)	അനുവദിച്ച വർഷം
1	മാങ്ങാപ്പാറക്കുടി വാലായ്മപ്പുര നിർമ്മാണം	12,00,000/-	2016-2017
2	വേലിയാംപാറ കൊച്ചുരാമൻപടി റോഡ് കോൺക്രീറ്റ്	4,95,000/-	2016-2017
3	കമ്പനിക്കുടി ഏകാദ്ധ്യാപകസ്കൂൾ നിർമ്മാണം	35,00,000/-	2017-2018
4	കോഴിയളക്കുടി ഏകാദ്ധ്യാപകസ്കൂൾ നിർമ്മാണം	35,00,000/-	2017-2018
5	വെലിയം പാറ സാമൂഹികപഠനമുറി നിർമ്മാണം	10,10,000/-	2018-2019

എത്രയും വേഗം തുക തിരികെ അടച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-20 കെ.എസ്.ഇ.ബി. – ഡെപ്പോസിറ്റ് പ്രവൃത്തി – പൂർത്തീകരിച്ചില്ല – ₹12,461 /- തടസ്സപ്പെടുത്തുന്നു.

ഡെപ്പോസിറ്റ് പ്രവൃത്തിക്ക് ഓഡിറ്റ് വർഷം ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണോദ്യോഗസ്ഥൻ	പദ്ധതി നം./പദ്ധതിയുടെ പേര്	അടങ്കൽ (₹)	വൗച്ചർ നം./ തീയതി/	തുക (₹)	അടവാക്കിയ സ്ഥാപനം
സെക്രട്ടറി	262/2025, പെരുമ്പൻകുത്ത് സബ് സെന്റർ വൈദ്യുതി കണക്ഷൻ	13,000/- (തനത് ഫണ്ട്)	22400824/31.03.2025	12,461/-	കെ.എസ്.ഇ.ബി.
ആകെ				12,461/-	

കെ.എസ്.ഇ.ബി. – യിൽ തുക അടവാക്കിയെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ₹12,461 /- – യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 ഘടകസ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ – കുടുംബാരോഗ്യകേന്ദ്രത്തിന് നല്കിയ തുകയുടെ ചെലവിന് ആധാരമായ രേഖകൾ ഹാജരാക്കിയില്ല – ₹32,937/- തടസ്സപ്പെടുത്തുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	184/25, ഘടകസ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ	
അടങ്കൽ (₹)	4,25,000/-	75,000/- (വികസനഫണ്ട് – ജനറൽ)
		350000 (മെയിന്റനൻസ് ഗ്രാന്റ് – റോഡിതരം)
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി	
ചെലവ് (₹)	2,10,000/-	
ബിൽ നം./തീയതി/തുക (₹)	24101052011600754203/07.10.2024/75,000/-	
	24101052011601175589/05.01.2025/1,10,000/-	
	24101052011601401946/28.02.2025/25,000/-	

മേൽ പദ്ധതി പ്രകാരം, കുടുംബാരോഗ്യകേന്ദ്രത്തിന് ₹1,00,000 നല്കിയിട്ടുണ്ടെങ്കിലും ₹67,063/- – യുടെ ചെലവിനാധാരമായ രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ബാക്കി ₹32,937/- – യുടെ ചെലവിന് ആധാരമായ രേഖകൾ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.28/തീയതി. 17.10.2025) മറുപടി നല്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ₹32,937/- – യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 റിജക്ടട് മാലിന്യങ്ങൾ കൈമാറിയതിന് തൂക്കം സംബന്ധിച്ച രേഖകളില്ല–₹16,900/- ചെലവ് തടസ്സപ്പെടുത്തുന്നു

പഞ്ചായത്തിൽ ഹരിതകർമ്മസേനാംഗങ്ങൾ തരം തിരിച്ച റിജക്ടഡ് മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് കരാർ ഏറ്റെടുത്ത കമ്പനികൾക്ക് അവ കൈമാറുമ്പോൾ തൂക്കം കൃത്യമായി നോക്കി മോണിട്ടറിംഗ് നടത്തിയില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	22/25, ഹരിതകർമ്മസേന – റിജക്ടഡ് മാലിന്യങ്ങൾ കയറ്റി അയയ്ക്കുന്നതിന് തുക നൽകൽ
അടങ്കൽ (₹)	50,000/- (വികസനഫണ്ട് – പൊതുവിഭാഗം -സാധാ.വിഹിതം)
നിർവ്വഹണോദ്യോഗസ്ഥൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
ചെലവ് (₹)	40,500/-
ബിൽ നം./തീയതി/തുക (₹)	2410152009600815343/23.10.2024/16,900/-
	2410152009601409954/01.03.2025/23,600/-

28.10.2024 – ൽ 2360 കി.ഗ്രാം. റിജക്ടഡ് മാലിന്യം, ക്ലീൻ കേരള കമ്പനിക്ക് കൈമാറിയതായി നിർവ്വഹണോദ്യോഗസ്ഥന്റെ സാക്ഷ്യപത്രവും അടിമാലിയിലുള്ള വെയ്ബ്രിഡ്ജിൽ ആയത് തൂക്കം നോക്കിയതിന്റെ സ്ലിപ്പും ഹാജരാക്കിയിട്ടുണ്ട്. ക്ലീൻ കേരള കമ്പനിയുടെ 28.10.2024, 07.01.2025 എന്നീ തീയതികളിലെ

ഇൻവോയ്സുകൾ പ്രകാരം റിജക്റ്റഡ് മാലിന്യം കൈമാറിയതിന് കിലോയ്ക്ക് ₹10/- നിരക്കിൽ ആകെ ₹40,500/- (₹23,600 + ₹16,900/-) നൽകിയിട്ടുണ്ട്. എന്നാൽ ₹16,900/- – ന്റെ ഇൻവോയ്സ് ഹാജരാക്കിയെങ്കിലും റിജക്റ്റഡ് മാലിന്യത്തിന്റെ തൂക്കം സംബന്ധിച്ച രേഖകൾ ഫയലിൽ ഇല്ല. എം.സി.എഫ്. – ൽ സൂക്ഷിച്ചിട്ടുള്ള മാലിന്യം കൊണ്ടുപോകുമ്പോൾ ലോഡ് കയറ്റുന്നതിന് മുൻപും ശേഷവും അതത് തീയതികളിൽ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ തൂക്കി നോക്കി നിർവ്വഹണോദ്യോഗസ്ഥന്റെ മോണിട്ടറിംഗ് റിപ്പോർട്ട് സ്ഥാപനം ബില്ലിനൊപ്പം സമർപ്പിക്കേണ്ടതാണ്. എന്നാൽ മേൽ തീയതികളിൽ മാലിന്യം തൂക്കി നോക്കിയപ്പോൾ നിർവ്വഹണോദ്യോഗസ്ഥൻ മോണിട്ടറിംഗ് നടത്തി തൂക്കം ഉറപ്പാക്കിയില്ല. കൃത്യമായ മോണിട്ടറിംഗ് നടത്താതെയും മാലിന്യത്തിന്റെ അളവ് ബോദ്ധ്യപ്പെടാതെയും സ്ഥാപനം ഹാജരാക്കിയ ബിൽ പ്രകാരം തുക കൈമാറി നൽകിയതിനും റിജക്റ്റഡ് മാലിന്യത്തിന്റെ തൂക്കം സംബന്ധിച്ച രേഖകളില്ലാതെ ₹16,900/- നൽകിയതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.12/തീയതി. 16.10.2025) മറുപടി നൽകിയില്ല. റിജക്റ്റഡ് മാലിന്യത്തിന്റെ തൂക്കം സംബന്ധിച്ച രേഖകളില്ലാതെ നൽകിയ ₹16,900/- ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-23 പദ്ധതിപ്രകാരമല്ലാതെ 2024-2025 വാർഷികപദ്ധതിയിൽ നിന്നും മുൻവർഷം സപ്ലൈകോയ്ക്ക് നൽകാനുള്ള തുക നൽകി

പദ്ധതി നം./പദ്ധതിയുടെ പേര്	33/25, അതിദരിദ്രർക്ക് മൈക്രോപ്ലാൻ
അടങ്കൽ (₹)	9,53,566/- (2,50,000/- വികസനഫണ്ട് – പൊതുവിഭാഗം – സാധാ.വിഹിതം + 1,03,566/- വികസനഫണ്ട് – എസ്.സി.പി. + 3,00,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം + 3,50,000/- ജില്ലാപ്പഞ്ചായത്ത് വിഹിതം)
നിർവ്വഹണോദ്യോഗസ്ഥൻ	ഐ.സി.ഡി.എസ്. സൂപ്പർവൈസർ
ചെലവ് (₹)	5,08,778/-

അതിദരിദ്രരുടെ ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് പാചകം ചെയ്യുന്നതിനുള്ള ഭക്ഷണസാധനങ്ങൾ സപ്ലൈകോയിൽ നിന്നും വാങ്ങി വിതരണം ചെയ്യുന്നതിനായി 2024-2025 വർഷം ആവിഷ്കരിച്ച പദ്ധതിയുടെ അടങ്കൽ തുകയിൽ നിന്നും 2023-2024 വർഷം 69/24 – നമ്പർ പദ്ധതി പ്രകാരം സപ്ലൈകോയ്ക്ക് നൽകാനുള്ള തുകയായ ₹1,73,427/- അനുവദിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബിൽ നം./തീയതി/തുക (₹)	24101052013301556554/16.03.2025/1,73,427/-
ഇൻവോയ്സ് നം./തീയതി/ തുക (₹)	0603105/23229/28.01.2024/57,654/-
	0603105/23236/28.02.2024/60,911/-
	0603105/23246/21.03.2024/54,862/-

ഗ്രാമപ്പഞ്ചായത്തിലെ 23.12.2024 – ലെ 22(1) – നമ്പർ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം തുക അനുവദിച്ച് നൽകിയതെന്ന് ഫയൽ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. മുൻവർഷത്തെ പദ്ധതിക്കുള്ള ചെലവുകൾക്ക് സ്പിൽ ഓവർ പദ്ധതി ആവിഷ്കരിക്കാതെ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തുക അനുവദിച്ച് നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.24/തീയതി. 17.10.2025) 2023-2024 വർഷം ക്യൂ ബിൽ ആയതുകൊണ്ടും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം ഉണ്ടായിരുന്നതുകൊണ്ടും ബ്ലോക്ക് പഞ്ചായത്തിന്റെ നിർദ്ദേശപ്രകാരവുമാണ് മേൽപ്രകാരം തുക അനുവദിച്ചതെന്നും അതിദരിദ്രരുടെ അവശ്യപദ്ധതി ആയതിനാലും മറ്റ് ഫണ്ടുകൾ ലഭ്യമല്ലാതിരുന്നതിനാലും അറിവില്ലായ്മ മൂലവുമാണ്

2024-2025 വർഷത്തെ പദ്ധതിയിൽ നിന്നും തുക കൈമാറിയതെന്നും നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകി. അംഗീകാരം ലഭിച്ച് നിർവ്വഹണനടപടികൾ ആരംഭിച്ചെങ്കിലും ഏറ്റെടുത്ത വർഷത്തിനുള്ളിൽ പൂർത്തീകരണം നടത്താൻ കഴിയാത്ത പദ്ധതികൾ പൂർത്തീകരിക്കുന്നതിന്, അടുത്ത വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തി സ്പിൽ ഓവർ പദ്ധതികൾ ആവിഷ്കരിക്കണമെന്ന് 19.04.2022 – ലെ സ.ഉ.(കൈ)നം.84/2022/ത.സ്വ.ഭ.വ. – ലെ പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക നം.3.5.3(1) – ൽ പ്രതിപാദിക്കുന്നുണ്ട്. പദ്ധതികളുടെ നടത്തിപ്പിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-24 അങ്കണവാടി പോഷകാഹാരവിതരണം - ന്യൂട്രിമിക്സിന് പല നിരക്കുകളിൽ തുക നൽകി

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതികളിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

പദ്ധതി നം./ പദ്ധതിയുടെ പേര്	122/25, അങ്കണവാടി പോഷകാഹാരവിതരണം -ടി.എസ്.പി. (എസ്.ഒ.))	164/25, അങ്കണവാടി പോഷകാഹാരവിതരണം - ജനറൽ (എസ്.ഒ.)	9/25,അങ്കണവാടി പോഷകാഹാരവിതരണം - ജനറൽ
അടങ്കൽ (₹)	1,51,515/- വികസനഫണ്ട് – ടി.എസ്.പി.	2,80,000/- വികസനഫണ്ട് - പൊതുവിഹിതം – ജനറൽ	6,50,000/- വികസനഫണ്ട് - പൊതുവിഹിതം – ജനറൽ
			11,00,000/- കേന്ദ്രാവിഷ്കൃതഫണ്ട്
	3,00,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം	3,00,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം	5,00,000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം
	2,00,000/- ജില്ലാപ്പഞ്ചായത്ത് വിഹിതം	3,00,000/- ജില്ലാപ്പഞ്ചായത്ത് വിഹിതം	6,00,000/- ജില്ലാപ്പഞ്ചായത്ത് വിഹിതം
ചെലവ് (₹)	1,49,644/- വികസനഫണ്ട് – ടി.എസ്.പി.	2,79,682/- വികസനഫണ്ട് – ജനറൽ	15,05,385/-
			6,49,969/- വികസനഫണ്ട് -പൊതുവിഭാഗം - ജനറൽ
			8,55,416/- കേന്ദ്രാവിഷ്കൃത ഫണ്ട്)
ബിൽ നം./തീയതി/തുക (₹)	24101052013300419436/ 17.07.2024/41,914/-	24101052013300419440/ 17.07.2024/66,591/-	08/08/2024/₹1,38,976/-
			08.08.2024, ₹56,668/-(കീർത്തി ന്യൂട്രിമിക്സിന് നൽകിയത്)
			08.08.2024/₹20,397/-
			10.12.2024/₹24,351/-
			13.12.2024,₹1,09,275/-
			01.03.2025,₹65,805/-
			16.03.2025/₹1,92,116/- (ഇതിൽ ₹58,800/- കീർത്തി ന്യൂട്രിമിക്സിന് നൽകിയത്) 21.03.2025/₹65,510/-
			24101052013300419433/ 17.07.2024/40,869/-
			24101052013300466291/ 27.07.2024/2,15,453/-
	24101052013301318971/ 13.02.2025/₹1,07,730/- (കീർത്തി ന്യൂട്രിമിക്സ്, ഇരട്ടയാറിന് നൽകിയത്)	2410105201331005642/ 11.12.2024/1,87,115/-	24101052013300466293/ 27.07.2024/1,24,986 /-(കീർത്തി ന്യൂട്രിമിക്സ്)
		24101052013301451980/ 07.03.2025/25,976/-	24101052013301556552/ 16.03.2025/2,68,661/-
ന്യൂട്രിമിക്സ് തൂക്കം		906 കി.ഗ്രാം @ ₹73.50 ₹66,591/-	771 കി.ഗ്രാം @ ₹73.50 ₹ 56,668/-
			780 കി.ഗ്രാം @ ₹73.50 ₹57,330/-
		913.5കി.ഗ്രാം @ ₹71.50 ₹65,315/-	920.50 കി.ഗ്രാം @ ₹73.50 ₹67,656/-
		783കി.ഗ്രാം @ ₹71.50	899.50 കി.ഗ്രാം @ ₹70

	₹55,984/-	₹62,965/-
	920.5കി.ഗ്രാം @ ₹71.50 ₹65,816/-	702 കി.ഗ്രാം @ ₹70 ₹49,140/-

അങ്കണവാടികൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുള്ള ഭക്ഷണവിതരണസേവനങ്ങളെ ജി.എസ്.ടി. – യിൽ നിന്നും ഒഴിവാക്കിയതായി കേന്ദ്രസർക്കാരിന്റെ ജി.എസ്.ടി. വകുപ്പിന്റെ 17.08.2021 - ലെ 149/05/2021 -നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ തൻവർഷം, കീർത്തി ന്യൂട്രിമിക്സ്, ഇരട്ടയാർ (GST IN 32AALFK4043N1Z6) എന്ന സ്ഥാപനത്തിൽ നിന്നും ഗ്രാമപ്പഞ്ചായത്തിലെ അങ്കണവാടികളിലേയ്ക്ക് അമൃതം ന്യൂട്രിമിക്സ് വാങ്ങിയതിന് ജി.എസ്.ടി. ഉൾപ്പെടെ പല നിരക്കുകളിലാണ് (₹73.50, ₹71.50, ₹70.00) തുക നൽകിയിരിക്കുന്നത്. ടി.ഡി.എസ്. സോഴ്സിൽ നിന്ന് കുറവ് ചെയ്ത് ഒടുക്കിയതായും കാണുന്നില്ല. ഇപ്രകാരം ജി.എസ്.ടി. ഇനത്തിൽ അധിക തുക നൽകിയതിനും ടി.ഡി.എസ്. കുറവ് ചെയ്യാതിരുന്നതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.25/തീയതി. 17.10.2025) ജി.എസ്.ടി. – യുടെ വെബ്സൈറ്റിൽ സ്ഥാപനം Tax Payer Type - Regular എന്ന് ആയതിനാലാണ് തുക മാറി നൽകിയതെന്നും THRS വിതരണത്തിൽ ടി.ഡി.എസ്. ഈടാക്കുന്നത് സംബന്ധിച്ച അറിവ് കുറവ് കൊണ്ടാണ് ടി.ഡി.എസ്. ഈടാക്കാതിരുന്നതെന്നും മറുപടി നൽകി. അപാകങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-25 ലൈഫ് ഭവനപദ്ധതി – മുൻ വർഷങ്ങളിൽ ധനസഹായം കൈപ്പറ്റിയവർ ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

ഗ്രാമപ്പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന ലൈഫ് ഭവനപദ്ധതി പ്രകാരം, ഭവനനിർമ്മാണത്തിന് മുൻ വർഷങ്ങളിൽ ധനസഹായം കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം പൂർത്തിയാക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗുണഭോക്താവിന്റെ പേര്, വിലാസം	അനുവദിച്ച തുക (₹)	അവസാനം തുക നൽകിയ തീയതി
ശ്രീമതി ഡോളി ജോസ് മീൻതത്തിയിൽ, വിരിപാറ	40,000/-	31.08.2018
ശ്രീമതി ഫിലോമിന ബേബി പുതുകുന്നേൽ, വിരിപാറ	40,000/-	26.10.2018
ശ്രീ ജോണി മത്തായി വീപ്പനാട്ട്, വിരിഞ്ഞപാറ	3,00,000/-	28.01.2021
ശ്രീ സജി പി.കെ. പുളിക്കൽ, വിരിപാറ	40,000/-	17.02.2021
ശ്രീമതി ലൈസ ജോൺ തോട്ടക്കരയിൽ, പെരുമ്പൻകുത്ത്	40,000/-	31.08.2018

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം പൂർത്തീകരിക്കാത്തതിന്റെ കാരണം, നിർമ്മാണപ്രവൃത്തികളുടെ നിലവിലെ സ്റ്റേജ്, നിർമ്മാണപ്രവൃത്തികളുടെ പൂർത്തീകരണത്തിന് പഞ്ചായത്ത് സ്വീകരിച്ച തുടർനടപടികളുടെ വിവരം എന്നീ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/തീയതി. 16.10.2025) മറുപടി ലഭിച്ചില്ല. വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-26 ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല

2003 – ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം, പ്രകൃതിക്ഷോഭം, അത്യാഹിതം, മാറാരോഗങ്ങൾ, പേമാരി, വെള്ളപ്പൊക്കം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം എന്നിവ മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത്നിവാസികളുടെ ദുരിതനിവാരണാർത്ഥം അടിയന്തിരധനസഹായം നല്കുന്നതിനുദ്ദേശിച്ച് വേറിട്ട് രൂപീകരിക്കുന്ന ഒരു അക്കൗണ്ടാണ് ദുരിതാശ്വാസനിധി. എന്നാൽ നാളിതുവരെയും ഗ്രാമപ്പഞ്ചായത്തിൽ ദുരിതാശ്വസനിധി രൂപീകരിച്ചിട്ടില്ല. പ്രസ്തുത ഉദ്ദേശ്യം മുൻ നിർത്തി ചട്ടം

3(2) പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് അക്കൗണ്ട് രൂപീകരിക്കേണ്ടതാണ്.

1-27 പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ - ഉപകരണങ്ങൾ ലഭിച്ചില്ല - ₹4,08,300/- തടസ്സപ്പെടുത്തുന്നു.

പദ്ധതി നം./പദ്ധതിയുടെ പേര്	200/2025, പാലിയേറ്റീവ് രോഗികളിലെ വയോജനങ്ങൾക്ക് ഉപകരണം നൽകൽ
അടങ്കൽ (₹)	4,08,300/- (ഹെൽത്ത് ഗ്രാന്റ്)
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി.
ചെലവ് (₹)	4,08,300/-
ബിൽ നം./തീയതി/തുക (₹)	24101052009701393571/27.02.2025/81,338/-
	24101052009701368300/27.02.2025/2,32,507/-
	24101052009700737832/20.03.2025/94,455/-

മേൽ പദ്ധതി പ്രകാരം, പാലിയേറ്റീവ് രോഗികളിലെ വയോജനങ്ങൾക്ക് ഉപകരണം നൽകൽ എന്ന പദ്ധതിക്ക് കേരളാ മെഡിക്കൽ സർവ്വീസ് കേർപ്പറേഷന് മുൻകൂർ ആയി തുക നൽകിയിട്ടുണ്ട്. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മുഖേന നടപ്പാക്കുന്ന പദ്ധതികളിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മരുന്നുകൾ മാത്രം വാങ്ങുന്നതിനാണ് നിലവിൽ സർക്കാർ അനുമതിയുള്ളത്. മാത്രമല്ല സ.ഉ.(സാധാ)നം.876/2013/ത.സ്വ.ഭ.വ. പ്രകാരം, മരുന്നുകൾ വാങ്ങുന്നതിനാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മുൻകൂർ തുക അനുവദിക്കാവുന്നത്. ഇതിനു വിരുദ്ധമായി പദ്ധതി നടപ്പാക്കിയതിന്റെ കാരണം വ്യക്തമാക്കുന്നതിനും പദ്ധതിയുടെ നിലവിലെ അവസ്ഥയുടെ അറിയിക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.17/തീയതി. 16.10.2025) മുഴുവൻ ഉപകരണങ്ങളും ലഭിച്ചിട്ടില്ല എന്ന് മറുപടി നൽകി. ടി പദ്ധതിക്ക് ചെലവഴിച്ച ₹4,08,300/- തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ ലഭിച്ചതിന്റെ വിശദാംശങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. പദ്ധതികളുടെ നടത്തിപ്പിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

1-28 ഇലക്ഷൻ ഡെപ്പോസിറ്റ് തുക നാളിതുവരെയും തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 144(4) അനുസരിച്ച്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തിരഞ്ഞെടുപ്പിൽ, ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. വാർഷികധനകാര്യപത്രിക പ്രകാരം ഇലക്ഷൻ നിക്ഷേപമിനത്തിൽ ₹49,000/- അവശേഷിക്കുന്നുണ്ട്. ഇതിനോടകം കാലഹരണപ്പെട്ട നിക്ഷേപത്തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-29 സാമൂഹ്യസുരക്ഷാപെൻഷൻ - അനർഹമായ കാലയളവിൽ തുക അനുവദിച്ചു

ഗ്രാമപ്പഞ്ചായത്തിലെ സാമൂഹ്യസുരക്ഷാപെൻഷൻ വിതരണവുമായി ബന്ധപ്പെട്ട സേവന പെൻഷൻ സോഫ്റ്റ്‌വെയറിൽ ക്രോഡീകരിച്ച വിവരങ്ങൾ തൻവർഷത്തെ സിവിൽ രജിസ്ട്രേഷൻ രേഖകൾ ആസ്പദമാക്കി പരിശോധിച്ചതിൽ, ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ നിക്ഷേപിച്ചിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ഗുണഭോക്താക്കളുടെ പേര്	പെൻഷണർ ഐഡി	മരിച്ച തീയതി	അനർഹമായ കാലയളവ്	നിക്ഷേപിച്ച തുക (₹)	പെൻഷൻ ഇനം

1	ശ്രീ പാണ്ഡ്യൻ	Xxx00515	24.01.2024	02/2024 മുതൽ 07/2024 വരെ	9,600	വാർദ്ധക്യകാല പെൻഷൻ
2	ശ്രീ ശിവൻ എം.കെ.	Xxx00331	24.10.2022	11/2022 മുതൽ 07/2024 വരെ	30,400	വാർദ്ധക്യകാല പെൻഷൻ
3	ശ്രീ ഭാഗ്യസ്വാമി സിംഗ്	Xxx01220	01.04.2024	05/2024 മുതൽ 07/2024 വരെ	4,800	വാർദ്ധക്യകാല പെൻഷൻ
4	ശ്രീ ശശി രാമൻകുട്ടി	Xxx01197	01.06.2024	07/2024	1,600	വാർദ്ധക്യകാല പെൻഷൻ
6	ശ്രീമതി ത്രേസ്യാമ്മ ജോസഫ്	Xxx01065	11.08.2023	09/2023 മുതൽ 07/2024 വരെ	17,600	വാർദ്ധക്യകാല പെൻഷൻ
7	ശ്രീ ചാക്കോ ചാക്കോ	Xxx00937	29.01.2024	02/2024 മുതൽ 07/2024 വരെ	9,600	വാർദ്ധക്യകാല പെൻഷൻ
8	ശ്രീ പൗലോസ് പൈലി	Xxx00166	17.08.2023	09/2023 മുതൽ 07/2024 വരെ	17,600	വാർദ്ധക്യകാല പെൻഷൻ
9	ശ്രീ കുമാരൻ നാരായണൻ	Xxx00278	27.12.2023	01/2024 മുതൽ 07/2024 വരെ	12,600	വാർദ്ധക്യകാല പെൻഷൻ
10	ശ്രീ ഭാസ്കരൻ സ്വാമി	Xxx01045	14.02.2024	03/2024 മുതൽ 07/2024 വരെ	11,200	വാർദ്ധക്യകാല പെൻഷൻ
		ആകെ			1,15,000	

ഗ്രാമപ്പഞ്ചായത്തിൽ മാത്രം തൻവർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യപ്പെട്ട ഏതാനും ഗുണഭോക്താക്കളുടെ വിവരങ്ങളാണ് മുകളിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ ഗ്രാമപ്പഞ്ചായത്തിൽ നിന്ന് പെൻഷൻ കൈപ്പറ്റുന്നതും മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിധിയിൽ മരണപ്പെട്ടവരുമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. പല ഗുണഭോക്താക്കളെയും പെൻഷൻ ലിസ്റ്റിൽ നിന്നും ഒഴിവാക്കിയത് മരണം രജിസ്റ്റർ ചെയ്ത് മാസങ്ങൾക്ക് ശേഷമാണെന്ന് മേൽ പട്ടികയിൽ നിന്ന് വ്യക്തമാണ്. അനർഹരായവരുടെ പെൻഷൻ ഐ.ഡി. – കൾ സമയബന്ധിതമായി റദ്ദാക്കാത്തതിനാലാണ് ഇത്തരത്തിൽ അധികച്ചെലവുകൾ ഉണ്ടാകുന്നത്. 23.09.2020 – ലെ സ.ഉ.(സാധാ)നം.97/2020/ധന. ഉത്തരവിൽ അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മരണപ്പെടുന്നവരുടെയും പുനർവിവാഹം ചെയ്യുന്നവരുടെയും വിവരങ്ങൾ അങ്കണവാടി/ആശാ വർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം തന്നെ പെൻഷൻ ഡേറ്റാ ബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണെന്ന് ഉത്തരവിലെ ഖണ്ഡിക നം.സി(12) – ൽ വ്യക്തമാക്കിയിട്ടുണ്ട്. ഖണ്ഡിക നം.സി(13) പ്രകാരം, പെൻഷൻ വിതരണം ചെയ്യുന്ന സഹകരണസ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശികസർക്കാരുകളെ അറിയിക്കേണ്ടതാണെന്നും പ്രാദേശികസർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിനുശേഷം പെൻഷൻ ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ, അനന്തരാവകാശികൾക്ക് അർഹതയില്ലെന്നും തുക കൈപ്പറ്റിയ അനന്തരാവകാശികളിൽ നിന്നും തുക തിരികെ പിടിക്കേണ്ടതാണെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. 05.11.2020 – ലെ നം.67/2020/ധന. – സർക്കുലർ പ്രകാരം, മരണപ്പെട്ടവരെയും അനർഹരായവരെയും സമയബന്ധിതമായി പെൻഷൻ ഗുണഭോക്തൃലിസ്റ്റിൽ നിന്ന് ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പെൻഷണർ അനർഹനാവുന്ന അവസരത്തിൽ തന്നെ സമയബന്ധിതമായി അറിയിച്ചാൽ മാത്രമേ ബോർഡുകൾക്കും ബാങ്കുകൾക്കും പെൻഷൻ വിതരണം ചെയ്യുന്ന തദ്ദേശസ്ഥാപനങ്ങൾക്കും അനർഹരായവരെ ഒഴിവാക്കുന്നതിനു സാധിക്കൂ. നിലവിൽ അനർഹമായി നൽകിയ മേൽ തുകകൾ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ്. സഹകരണസംഘങ്ങൾ

മുഖേന വിതരണം ചെയ്യാത്ത തുക പഞ്ചായത്ത് ഡയറക്ടറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ്ക്കണമെന്ന് 17.08.2017 – ലെ സ.ഉ.(സാധാ)നം.381/2017/ധന. – ൽ നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

1-30 ചിക്കന്നംകുടി സ്കൂളിൽ ഫുട്ബോൾ പരിശീലനഗ്രൗണ്ട് നിർമ്മാണം പാതിവഴിയിൽ – നിർവഹിക്കാത്ത പ്രവൃത്തിക്ക് തുക നൽകി – ₹6,007/- നഷ്ടം; 3,59,787/- തടസ്സപ്പെടുത്തുന്നു

പദ്ധതി നം./പദ്ധതിയുടെ പേര്	130/2024-2025, ചിക്കന്നംകുടി സ്കൂളിൽ ഫുട്ബോൾ പരിശീലന ഗ്രൗണ്ട് നിർമ്മാണം
അടങ്കൽ (₹)	3,87,100/- വികസനഫണ്ട് – ടി.എസ്.പി.
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കരാറുകാരന്റെ പേര്	ശ്രീ ജോസ് വർഗ്ഗീസ് മാത്യു
ഫയൽ നം.	107607/2023
കരാർ നമ്പർ	18/AE/LID &EW/MKLM തീയതി-29.02.2024
എഗ്രീഡ് പി.എ.സി.	3,10,001.35
ചെലവ് (₹)	3,65,794/-
ബിൽ റഫറൻസ് നം./തീയതി.	24101052011701186125/17.01.2025

ഗ്രാമപ്പഞ്ചായത്തിൽ ചിക്കന്നംകുടി എൽ.പി.സ്കൂളിൽ ഫുട്ബോൾ പരിശീലന ഗ്രൗണ്ട് നിർമിക്കുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിന്നത്. 10 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലും മണ്ണ് നികത്തി ഗ്രൗണ്ട് ഒരുക്കി ചുറ്റും സ്റ്റീൽ ബാർ ഉപയോഗിച്ച് വേലി നിർമ്മിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. 14.10.2025 – ൽ ഗ്രാമപ്പഞ്ചായത്ത് LID & EW ഓവർസിയറുടെ സാനിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ, മണ്ണ് നികത്തി കോളം മാത്രം നിർമ്മിച്ചിരിക്കുന്നു. എന്നാൽ മറ്റ് പ്രവൃത്തികൾ ഒന്നുംതന്നെ നിർവ്വഹിക്കാതെ ഫൈനൽ ബില്ലും നൽകിയിരിക്കുന്നു. ഒരു സാമ്പത്തികവർഷം പൂർത്തീകരിക്കുവാൻ സാധിക്കാത്ത പദ്ധതികൾ ബഹുവർഷപദ്ധതിയായി ഏറ്റെടുത്ത് ഓരോ വർഷവും ചെലവഴിക്കേണ്ട വിഭവസ്രോതസുകൾ കൃത്യമായി രേഖപ്പെടുത്തി വേണം ആവിഷ്കരിക്കേണ്ടത്. എന്നാൽ തുടർന്നുള്ള വർഷത്തിൽ പദ്ധതി പൂർത്തികരണത്തിനായി തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ പദ്ധതിക്ക് ചെലവഴിച്ച തുക പാഴ് ചെലവായി മാറിയിരിക്കുന്നു. അളവ് ബുക്കിലെ ഇനം നമ്പർ – 7 പ്രകാരം നിർവ്വഹിച്ചതായി തുക അനുവദിച്ചിരിക്കുന്ന 33.880 കിലോഗ്രാം ഉപയോഗിച്ചിട്ടുള്ള Steel Work Welded In Built Up Sections/Framed Work, Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer Using Structural Steel Etc. As Required എന്ന ഇനം നിർവഹിച്ചിട്ടില്ലെന്ന് നേരിട്ടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. എന്നാൽ ഇതിനായി ₹6,007.15/-(₹5,090.81 + ₹916.34 (ജി.എസ്.ടി. @ 18 %)) അനർഹമായി നൽകിയിരിക്കുന്നു.

എൽ.പി.സ്കൂൾ വിദ്യാർത്ഥികൾക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള ഗ്രൗണ്ട് നിർമ്മാണം മതിയാകുമെന്നിരിക്കെ, ഇപ്രകാരം പദ്ധതി പൂർത്തികരിക്കാതെ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പാക്കിയിരിക്കുന്നു. ആയതിനാൽ പ്രസ്തുത നിർമ്മാണം ലക്ഷ്യം കൈവരിക്കാതെ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്. പദ്ധതി പൂർത്തികരിക്കാത്തതിനും അധികം തുക നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/തീയതി. 16.10,2025) മറുപടി ലഭിച്ചില്ല. അധികം നൽകിയ തുക ₹6,007/-കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതുവരെ പദ്ധതിക്ക് ചെലവഴിച്ച ₹3,59,787/- (ആകെ ചെലവഴിച്ച ₹3,65,794/- – ൽ നിന്നും

അധികം നൽകിയ ₹6,007/- കിഴിച്ചുള്ള തുക) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 ആറാം മൈൽ ഫൂട്ട് ബ്രിഡ്ജ് - പെയിന്റിംഗ്, അറ്റകുറ്റപ്പണി - നിർവഹിക്കാത്ത ഇനത്തിന് തുക നൽകി - ₹39,690/- നഷ്ടം

പദ്ധതി നം./പദ്ധതിയുടെ പേര്	129/2024-2025(സ്പിൽഓവർ), ആറാം മൈൽ ഫൂട്ട് ബ്രിഡ്ജ് - പെയിന്റിംഗ്, അറ്റകുറ്റപ്പണി
അടങ്കൽ (₹)	3,30,884/- (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കരാറുകാരന്റെ പേര്	ശ്രീ അബ്രഹാം ഇട്ടിയവിറ
ഫയൽ നം.	4567/2024
കരാർ നമ്പർ	16/AE/LID &EW/MKLM തീയതി. 28.02.2024
എഗ്രീഡ് പി.എ.സി.	4,91,377.55
ചെലവ് (₹)	5,09,282/-
ബിൽ റഫറൻസ് നം./തീയതി/തുക (₹)	23101052011701483825/24.03.2024 (2023-2024)/3,94,116/-
	24101052011700447197/23.07.2024/1,15,166/-

ഗ്രാമപ്പഞ്ചായത്തിൽ ആറാം മൈലിൽ സ്ഥാപിച്ചിട്ടുള്ള ഫൂട്ട് ബ്രിഡ്ജിൽ പെയിന്റിംഗ്, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതിക്കായി 2023-2024 വർഷം ₹3,94,116/- - യും തൻവർഷം ₹1,15,166/- - യും ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തി 14.10.2025 - ൽ ഗ്രാമപ്പഞ്ചായത്ത് LID & EW ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ അളവ് ബുക്ക് പ്രകാരം തുക അനുവദിച്ചിരിക്കുന്ന താഴെ സൂചിപ്പിക്കുന്ന ഇനങ്ങൾ നിർവഹിച്ചിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു.

1.ഇ-എം.ബുക്ക് ഇനം നം.1.005 പ്രകാരമുള്ള 340.920 ച.മീറ്റർ (14.43) Removing Colour Wash By Scrapping And Sand Papering For Metal Surface എന്ന പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. എന്നാൽ ഇതിനായി ബിൽ പ്രകാരം ₹6,714.14/- (₹5,689.95 + ₹1,024.19 GST@ 18 %) നൽകിയിട്ടുണ്ട്.

2.ഇ-എം.ബുക്ക് ഇനം നം.1.007 പ്രകാരമുള്ള 340.920 ച.മീറ്റർ (13.50.3) Applying Priming Coat : With Ready Mixed Red Oxide Zinc Chromate Primer Of Approved Brand And Manufacture On Steel Galvanised Iron/Steel Works എന്ന പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. എന്നാൽ ഇതിനായി ബിൽ പ്രകാരം ₹23,931/-(340.920 X 59.49) = ₹20,281.33 + ₹3,650.63 GST @ 18 %) നൽകിയിട്ടുണ്ട്.

3.ഇ-എം.ബുക്ക് ഇനം നം.1.006 പ്രകാരമുള്ള 340.920 ച.മീറ്റർ (13.50.3) Painting With Synthetic Enamel Paint Of Approved Brand And Manufacture To Give An Even Shade : Two Or More Coats On New Work എന്ന പ്രവൃത്തിയിൽ 53.75 ച.മീറ്റർ Bridge Base Plate - Under Surface Painting എന്ന ഇനം നിർവ്വഹിച്ചിട്ടില്ല. എന്നാൽ ഇതിനായി ബിൽ പ്രകാരം ₹9,045/- (53.75 × 142.61) = ₹7,665.28 + ₹ 1,379.75 GST @ 18 %) നൽകിയിട്ടുണ്ട്.

നിർവഹിക്കാത്ത ഇനങ്ങൾക്ക് നൽകിയ ആകെ തുക ₹39,690/- (₹6,714 + ₹23,931 + ₹9,045) അനുവദിച്ച നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/തീയതി. 16.10,2025) മറുപടി ലഭിച്ചില്ല. അധികം നൽകിയ തുക ₹39,690/- കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ ഉപരിപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

1-32 ഹെൽത്ത് ഗ്രാന്റ് അവലോകനം

പ്രാഥമികാരോഗ്യപരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി പതിനഞ്ചാം ധനകാര്യ കമ്മീഷൻ 2021-2022 മുതൽ 2025-2026 വരെ ഹെൽത്ത് ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള താഴെ പറയുന്ന ആറ് സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്.

1. കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം

2. ബ്ലോക്ക് പൊതുജനാരോഗ്യകേന്ദ്രങ്ങൾക്ക് സഹായം

3. ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ

4. ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ

5. നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ.

6. അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.

മാങ്കുളം ഗ്രാമപ്പഞ്ചായത്തിൽ 2021-2022 മുതൽ 2024-2025 വരെ ഹെൽത്ത് ഗ്രാന്റ് ഉപയോഗിച്ച് വിഭാവനം ചെയ്ത പദ്ധതികൾ

വർഷം	പദ്ധതി നം./പദ്ധതിയുടെ പേര്	അടങ്കൽ (₹)	ചെലവ് (₹)
2021-2022	ഇല്ല	0	0
2022-2023	186/23, കുടുംബാരോഗ്യകേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ	1,10,000	0
	185/23, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	1,00,000	0
2023-2024	188/24, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	1,00,000	0
	194/24, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	5,92,000	49,066
	187/24, കുടുംബാരോഗ്യകേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ	1,10,000	49,066
	195/24, കുടുംബാരോഗ്യകേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ	2,68,000	0
2024-2025	254/25, കുടുംബാരോഗ്യകേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ	4,27,000	0
	235/25, കുടുംബാരോഗ്യകേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ	65,200	55,548
	234/25, കുടുംബാരോഗ്യകേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ	2,68,000	1,88,381
	237/25, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	1,00,000	92,346
	255/25, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	2,47,000	0
	236/25, ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	5,42,934	80,621

ഹെൽത്ത് ഗ്രാന്റ് വിനിയോഗം

1) സ്കീം – 1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം

ആനക്കുളം സബ് സെന്ററിന് സ്വന്തം കെട്ടിടം ഇല്ലാത്തതിനാൽ വാടക കെട്ടിത്തിൽ പരിമിത സൌകര്യങ്ങളോടെ പ്രവർത്തിക്കുന്നതെങ്കിലും കെട്ടിടനിർമ്മാണത്തിന് പദ്ധതി ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല

2) സ്കീം – 3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ

വർഷം	പദ്ധതി നം./പദ്ധതിയുടെ പേര്	അടങ്കൽ (₹)	ചെലവ് (₹)
2022-2023	185/23, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	1,00,000	0
2023-2024	188/24, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	1,00,000	0
2023-2024	194/24, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	5,92,000	49,066
2024-2025	237/25, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	1,00,000	92,346
2024-2025	255/25, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	2,47,000	0
2024-2025	236/25, ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	5,42,934	80,621

സ്കീം – 4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

നടപ്പാക്കിയ പദ്ധതികൾ

വർഷം	പദ്ധതി നം./പദ്ധതിയുടെ പേര്	അടങ്കൽ (₹)	ചെലവ് (₹)
2021-2022	ഇല്ല	0	0
2022-2023	186/23, കുടുംബാരോഗ്യകേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ	1,10,000	0
2023-2024	187/24, കുടുംബാരോഗ്യകേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ	1,10,000	49,066
2023-2024	195/24, കുടുംബാരോഗ്യകേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ	2,68,000	0
2024-2025	254/25, കുടുംബാരോഗ്യകേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ	4,27,000	0
2024-2025	235/25, കുടുംബാരോഗ്യകേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ	65,200	55,548
2024-2025	234/25, കുടുംബാരോഗ്യകേന്ദ്രത്തിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് & വെൽനസ്സ് പ്രവർത്തനങ്ങൾ	2,68,000	1,88,381

ഇടുക്കി ജില്ലയിലെ ആരോഗ്യപരിരക്ഷാസൗകര്യങ്ങൾ തീരെ കുറവുള്ള മേഖലയാണ് മാങ്കുളം. മാങ്കുളം കുടുംബാരോഗ്യകേന്ദ്രത്തിന് കീഴിൽ 4 സബ്സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ ആനക്കുളം സബ്സെന്റർ, പഞ്ചായത്ത് വക ലൈബ്രറി കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. അനുയോജ്യമായ സ്ഥലം കണ്ടെത്തി സബ്സെന്ററുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഗ്രാന്റ് ഉപയോഗപ്പെടുത്താവുന്നതാണ്. അതുവഴി കൂടുതൽ രോഗനിർണ്ണയസംവിധാനങ്ങൾ ഏർപ്പെടുത്തി ചികിത്സ മെച്ചപ്പെടുത്താവുന്നതാണ്. ആനക്കുളം, പെരുമ്പൻകുത്ത് എന്നീ രണ്ട് സബ്സെന്ററുകളിലും വെള്ളവും വൈദ്യുതിയും ഇല്ല. വിരിപാറ സബ്സെന്ററിൽ വൈദ്യുതി കണക്ഷൻ ഇല്ല. ആരോഗ്യപരിരക്ഷയ്ക്ക് ഗ്രാമപ്പഞ്ചായത്തിൽ ആകെയുള്ളത് മാങ്കുളം കുടുംബാരോഗ്യകേന്ദ്രവും നാല് സബ്സെന്ററുകളും മാത്രമാണ്. അൻപതു കിലോമീറ്ററോളം മല ഇറങ്ങി അടിമാലിയിൽ എത്തിയാൽ മാത്രമേ ആധുനികസൗകര്യങ്ങളുള്ള

ഒരു ആശുപത്രിയിൽ രോഗിയെ എത്തിക്കാനാവു. ഹെൽത്ത് ഗ്രാന്റ് ഉപയോഗപ്പെടുത്തി ആധുനികരോഗനിർണ്ണയസൗകര്യങ്ങളും സ്ഥാപിച്ചും ചികിത്സാ ഉപകരണങ്ങൾ വാങ്ങിയും അതുവഴി ഗ്രാമപ്പഞ്ചായത്തിലെ ജനങ്ങൾക്ക് മെച്ചപ്പെട്ട രോഗനിർണ്ണയ/ആരോഗ്യപരിപാലനസംവിധാനങ്ങൾ ലഭ്യമാക്കുന്നതിന് ഊർജ്ജിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-33 ജൽജീവൻ മിഷൻ പദ്ധതി - അവലോകനം

100 ശതമാനം ഗ്രാമീണഭവനങ്ങൾക്കും ഗാർഹികകുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര - സംസ്ഥാന സർക്കാരുകൾ തദ്ദേശഭരണസ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്ന പദ്ധതിയാണ് ജൽജീവൻ മിഷൻ. വീടുകളിലേക്ക് ടാപ്പുകൾ വഴി കുടിവെള്ളകണക്ഷൻ എത്തിക്കുക മാത്രമല്ല ഓരോ വീടിനും ആവശ്യമായ കുടിവെള്ളം നിർദ്ദിഷ്ട ഗുണമേന്മയോടെ മുടങ്ങാതെ നൽകുക എന്നതാണ് ഈ പദ്ധതി വിഭാവനം ചെയ്യുന്നത്. ജൽജീവൻ മിഷൻ, കേരളത്തിൽ നടപ്പിലാക്കുന്നതിന് അഞ്ച് വർഷത്തേക്കുള്ള സംയുക്തഭരണാനുമതിയും നിർവ്വഹണസംവിധാനവും അംഗീകരിച്ചുകൊണ്ടും 2020-2021 സാമ്പത്തികവർഷത്തേക്ക് ₹880 കോടിയുടെ പദ്ധതി അടങ്കലിന് അംഗീകാരം നൽകികൊണ്ടും 08.06.2020 – ൽ സ.ഉ.(കൈ)നം.37/2020/ജ.വി.വ. – നമ്പർ ഉത്തരവ് പുറപ്പെടുവിച്ചു. കേരളത്തിലെ ഗ്രാമപ്പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും 2024 – നുള്ളിൽ പ്രവർത്തനക്ഷമമായ ടാപ്പ് കണക്ഷനുകൾ ലഭ്യമാക്കുക, വിദ്യാലയങ്ങൾ, അങ്കണവാടികൾ, ആരോഗ്യകേന്ദ്രങ്ങൾ, പൊതുകെട്ടിടങ്ങൾ, ഓഫീസുകൾ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ടാപ്പുകൾ നൽകുക തുടങ്ങിയവയാണ് ജൽജീവൻ മിഷന്റെ പ്രധാന ദൗത്യങ്ങൾ. കേന്ദ്രസർക്കാർ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതിക്കുള്ള കേന്ദ്ര-സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. മാങ്കുളം ഗ്രാമപ്പഞ്ചായത്തിലെ 2020-2021 വർഷം മുതലുള്ള വിവരങ്ങൾ പരിശോധിച്ചതിൽ, ജൽജീവൻ മിഷൻ വിഹിതമായി ഗ്രാമപ്പഞ്ചായത്തിന്റെ ആക്ഷൻ പ്ലാൻ പ്രകാരം അടവാക്കേണ്ട 15 % സ്ഥാപനവിഹിതവും 10 % ഗുണഭോക്തൃവിഹിതവും ഗ്രാമപ്പഞ്ചായത്ത് 2020-2021 മുതൽ തൻവർഷം വരെ അടവാക്കിയിട്ടില്ല. പദ്ധതിയ്ക്ക് നാളിതുവരെ തുകയൊന്നും വകയിരുത്തിയിട്ടില്ലെന്ന് ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.6/തീയതി. 14.10.2025) മറുപടി നൽകി.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ചിക്കണംകുടി സ്കൂളിൽ ഫുട്ബോൾ പരിശീലനഗ്രൗണ്ട് നിർമ്മാണം പാതിവഴിയിൽ - നിർവഹിക്കാത്ത പ്രവൃത്തിക്ക് തുക നൽകി - ₹6,007/- നഷ്ടം

പദ്ധതി നം./പദ്ധതിയുടെ പേര്	130/2024-2025, ചിക്കണംകുടി സ്കൂളിൽ ഫുട്ബോൾ പരിശീലന ഗ്രൗണ്ട് നിർമ്മാണം
അടങ്കൽ (₹)	3,87,100/- വികസനഫണ്ട് – ടി.എസ്.പി.
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കരാറുകാരന്റെ പേര്	ശ്രീ ജോസ് വർഗ്ഗീസ് മാത്യു
ഫയൽ നം.	107607/2023

കരാർ നമ്പർ	18/AE/LID &EW/MKLM തീയതി-29.02.2024
എഗ്രീഡ് പി.എ.സി.	3,10,001.35
ചെലവ് (₹)	3,65,794/-
ബിൽ റഫറൻസ് നം./തീയതി.	241010520117011861 25/17.01.2025

ഗ്രാമപ്പഞ്ചായത്തിൽ ചിക്കന്നംകുടി എൽ.പി.സ്കൂളിൽ ഫുട്ബോൾ പരിശീലന ഗ്രൗണ്ട് നിർമിക്കുന്നതിനാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിന്നത്. 10 മീറ്റർ നീളത്തിലും 20 മീറ്റർ വീതിയിലും മണ്ണ് നികത്തി ഗ്രൗണ്ട് ഒരുക്കി ചുറ്റും സ്റ്റീൽ ബാർ ഉപയോഗിച്ച് വേലി നിർമ്മിക്കുന്നതിനുമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. 14.10.2025 – ൽ ഗ്രാമപ്പഞ്ചായത്ത് LID & EW ഓവർസിയറുടെ സാനിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ, മണ്ണ് നികത്തി കോളം മാത്രം നിർമ്മിച്ചിരിക്കുന്നു. എന്നാൽ മറ്റ് പ്രവൃത്തികൾ ഒന്നുംതന്നെ നിർവ്വഹിക്കാതെ ഫൈനൽ ബില്ലും നൽകിയിരിക്കുന്നു. ഒരു സാമ്പത്തികവർഷം പൂർത്തീകരിക്കുവാൻ സാധിക്കാത്ത പദ്ധതികൾ ബഹുവർഷപദ്ധതിയായി ഏറ്റെടുത്ത് ഓരോ വർഷവും ചെലവഴിക്കേണ്ട വിഭവസ്രോതസുകൾ കൃത്യമായി രേഖപ്പെടുത്തി വേണം ആവിഷ്കരിക്കേണ്ടത്. എന്നാൽ തുടർന്നുള്ള വർഷത്തിൽ പദ്ധതി പൂർത്തികരണത്തിനായി തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ ഈ പദ്ധതിക്ക് ചെലവഴിച്ച തുക പാഴ് ചെലവായി മാറിയിരിക്കുന്നു. അളവ് ബുക്കിലെ ഇനം നമ്പർ – 7 പ്രകാരം നിർവ്വഹിച്ചതായി തുക അനുവദിച്ചിരിക്കുന്ന 33.880 കിലോഗ്രാം ഉപയോഗിച്ചിട്ടുള്ള Steel Work Welded In Built Up Sections/Framed Work, Including Cutting, Hoisting, Fixing In Position And Applying A Priming Coat Of Approved Steel Primer Using Structural Steel Etc. As Required എന്ന ഇനം നിർവഹിച്ചിട്ടില്ലെന്ന് നേരിട്ടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. എന്നാൽ ഇതിനായി ₹6,007.15/-(₹5,090.81 + ₹916.34 (ജി.എസ്.ടി. @ 18 %)) അനർഹമായി നൽകിയിരിക്കുന്നു.

എൽ.പി.സ്കൂൾ വിദ്യാർത്ഥികൾക്ക് എസ്റ്റിമേറ്റ് പ്രകാരമുള്ള ഗ്രൗണ്ട് നിർമ്മാണം മതിയാകുമെന്നിരിക്കെ, ഇപ്രകാരം പദ്ധതി പൂർത്തികരിക്കാതെ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് പദ്ധതി നടപ്പാക്കിയിരിക്കുന്നു. ആയതിനാൽ പ്രസ്തുത നിർമ്മാണം ലക്ഷ്യം കൈവരിക്കാതെ പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്. പദ്ധതി പൂർത്തികരിക്കാത്തതിനും അധികം തുക നൽകിയതിനും വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/തീയതി. 16.10,2025) മറുപടി ലഭിച്ചില്ല. അധികം നൽകിയ തുക ₹6,007/-കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. പദ്ധതി ലക്ഷ്യം കൈവരിക്കുന്നതുവരെ പദ്ധതിക്ക് ചെലവഴിച്ച ₹3,59,787/- (ആകെ ചെലവഴിച്ച ₹3,65,794/- – ൽ നിന്നും അധികം നൽകിയ ₹6,007/- കിഴിച്ചുള്ള തുക) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-2 ആറാം മൈൽ ഫുട്ട് ബ്രിഡ്ജ് – പെയിന്റിംഗ്, അറ്റകുറ്റപ്പണി – നിർവഹിക്കാത്ത ഇനത്തിന് തുക നൽകി – ₹39,690/- നഷ്ടം

പദ്ധതി നം./പദ്ധതിയുടെ പേര്	129/2024-2025(സ്പിൽഓവർ), ആറാം മൈൽ ഫുട്ട് ബ്രിഡ്ജ് – പെയിന്റിംഗ്, അറ്റകുറ്റപ്പണി
അടങ്കൽ (₹)	3,30,884/- (മെയിന്റനൻസ് ഫണ്ട് – റോഡിതരം)
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കരാറുകാരന്റെ പേര്	ശ്രീ അബ്രഹാം ഇട്ടിയവിറ
ഫയൽ നം.	4567/2024
കരാർ നമ്പർ	16/AE/LID &EW/MKLM തീയതി. 28.02.2024
എഗ്രീഡ് പി.എ.സി.	4,91,377.55
ചെലവ് (₹)	5,09,282/-

ബിൽ റഫറൻസ് നം./തീയതി/തുക (₹)	23101052011701483825/24.03.2024 (2023-2024)/3,94,116/-
	24101052011700447197/23.07.2024/1,15,166/-

ഗ്രാമപ്പഞ്ചായത്തിൽ ആറാം മൈലിൽ സ്ഥാപിച്ചിട്ടുള്ള ഫൂട്ട് ബ്രിഡ്ജിൽ പെയിന്റിംഗ്, അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതിക്കായി 2023-2024 വർഷം ₹3,94,116/- – യും തൻവർഷം ₹1,15,166/- – യും ചെലവഴിച്ചിട്ടുണ്ട്. ഈ പ്രവൃത്തി 14.10.2025 – ൽ ഗ്രാമപ്പഞ്ചായത്ത് LID & EW ഓവർസിയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ അളവ് ബുക്ക് പ്രകാരം തുക അനുവദിച്ചിരിക്കുന്ന താഴെ സൂചിപ്പിക്കുന്ന ഇനങ്ങൾ നിർവഹിച്ചിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു.

1.ഇ-എം.ബുക്ക് ഇനം നം.1.005 പ്രകാരമുള്ള 340.920 ച.മീറ്റർ (14.43) Removing Colour Wash By Scrapping And Sand Papering For Metal Surface എന്ന പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. ഇതിനായി ബിൽ പ്രകാരം ₹6,714.14/- (₹5,689.95 + ₹1,024.19 GST@ 18 %) നൽകിയിട്ടുണ്ട്.

2.ഇ-എം.ബുക്ക് ഇനം നം.1.007 പ്രകാരമുള്ള 340.920 ച.മീറ്റർ (13.50.3) Applying Priming Coat : With Ready Mixed Red Oxide Zinc Chromate Primer Of Approved Brand And Manufacture On Steel Galvanised Iron/Steel Works എന്ന പ്രവൃത്തി നിർവ്വഹിച്ചിട്ടില്ല. ഇതിനായി ബിൽ പ്രകാരം ₹23,931/-(340.920 X 59.49) = ₹20,281.33 + ₹3,650.63 GST @ 18 %) നൽകിയിട്ടുണ്ട്.

3.ഇ-എം.ബുക്ക് ഇനം നം.1.006 പ്രകാരമുള്ള 340.920 ച.മീറ്റർ (13.50.3) Painting With Synthetic Enamel Paint Of Approved Brand And Manufacture To Give An Even Shade : Two Or More Coats On New Work എന്ന പ്രവൃത്തിയിൽ 53.75 ച.മീറ്റർ Bridge Base Plate – Under Surface Painting എന്ന ഇനം നിർവ്വഹിച്ചിട്ടില്ല. ഇതിനായി ബിൽ പ്രകാരം ₹9,045/- (53.75 × 142.61) = ₹7,665.28 + ₹ 1,379.75 GST @ 18 %) നൽകിയിട്ടുണ്ട്.

നിർവഹിക്കാത്ത ഇനങ്ങൾക്ക് നൽകിയ ആകെ തുക ₹39,690/- (₹6,714 + ₹23,931 + ₹9,045) അനുവദിച്ച് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/തീയതി. 16.10,2025) മറുപടി ലഭ്യമാക്കിയില്ല. അധികം നൽകിയ തുക ₹39,690/- കരാറുകാരനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം അളവ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ ഉപരിപരിശോധന നടത്തിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

ഭാഗം –4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം – ഒടുക്ക് സംബന്ധിച്ച് പരിശോധന

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്ക്സ്
12	49,500	49,500	0	-

* 01.04.2024 മുതൽ 31.03.2025 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
ബാധകമല്ല					

മെഡിസെപ് പ്രീമിയം ഒടുക്കി (01.07.2024 – ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
1	0		16,500	24.07.2024 – ൽ ക്ലർക്ക് ആയി ജോലിയിൽ പ്രവേശിച്ച ശ്രീമതി ആതിര അനിൽകുമാർ മെഡിസെപ്പ് എൻറോൾ ചെയ്തിട്ടില്ല

മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
ബാധകമല്ല					

4-2 സംയുക്തപദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്തപദ്ധതികൾക്ക് തൻവർഷം ലഭിച്ച ഫണ്ടുകളുടെ വിനിയോഗവിവരങ്ങൾ ചുവടെ ചേർക്കുന്നു.

വിഹിതം നൽകിയ സ്ഥാപനം	വർഷം	തുക (₹)	പദ്ധതി നം./പദ്ധതിയുടെ പേര്	ചെലവ് (₹)
ബ്ലോക്ക് പഞ്ചായത്ത്	2024-2025	1,73,427	123/2025, അതിദരിദ്രർക്ക് ഭക്ഷണം നൽകൽ	1,73,427
	2024-2025	3,00,000	33/2025, അതിദരിദ്രർക്ക് മൈക്രോപ്ലാൻ	1,60,000
	2024-2025	6,00,000	34/2025, ഭിന്നശേഷി സ്കോളർഷിപ്പ്	1,03,700
	2024-2025	10,00,000	227/2025, ഹരിതകർമ്മസേനയ്ക്ക് വാഹനം വാങ്ങൽ	9,28,329
	2024-2025	1,50,00,000	14/2025, ലൈഫ് ഭവനപദ്ധതി – പട്ടികവർഗ്ഗം	16,20,000
	2024-2025	10,00,000	13/2025, ലൈഫ് ഭവനപദ്ധതി – ജനറൽ	2,00,000
	2024-2025	15,00,000	15/2025, ലൈഫ് ഭവനപദ്ധതി – പട്ടികജാതി	4,70,000
	2024-2025	3,00,000	124/2025, പാലിയേറ്റീവ് കെയർ – പരിചരണ പദ്ധതി	58,710
ഇടുക്കി ജില്ലാപഞ്ചായത്ത്	2024-2025	1,00,53,200	14/2025, ലൈഫ് ഭവനപദ്ധതി – പട്ടികവർഗ്ഗം	7,50,000
	2024-2025	10,00,000	75/2025, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	1,35,151

	2024-2025	8,00,000	15/2025, ലൈഫ് ഭവനപദ്ധതി – പട്ടികജാതി	7,20,000
	2024-2025	60,00,000	13/2025, ലൈഫ് ഭവനപദ്ധതി – ജനറൽ	1,40,000

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

തുക നൽകിയ വകുപ്പ്	പദ്ധതി നം./പദ്ധതിയുടെ പേര്	വൗച്ചർ നമ്പർ/ തീയതി	മുൻകൂർ നൽകിയത് ഫണ്ട്	ചെലവഴിച്ച തുക (₹)	ചെലവഴിക്കുവാൻ ബാക്കിയുള്ള തുക (₹)
കെ.എസ്.ഇ.ബി.	262/2025, പെരുമ്പൻകുത്ത് സബ്സെന്റർ വൈദ്യുതി കണക്ഷൻ	22400824/31.03.2025	12,461	0	12,461
ആകെ					12,461

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല -

4-5 വായ്പ/വായ്പയുടെ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് പദ്ധതി വായ്പയിനത്തിൽ ₹1,52,50,000/- വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ഉദ്ദേശ്യം	ഉത്തരവ് നം./തീയതി	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	വരവ് (₹)	തൻവർഷം തിരിച്ചടച്ച തുക (₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
				മുതൽ	പലിശ	
ലൈഫ് ഭവനപദ്ധതി കെ.യു.ആർ. ഡി.എഫ്.സി.	സ.ഉ.(സാധാ)നം. 110/2018/ത.സ്വ.ഭ.വ. തീ. 13.08.2018	8,09,00,831	1,52,50,000	73,61,425	-	8,87,89,406
ജവഹർ ഭവനപദ്ധതി	സ.ഉ.സാധാ.)നം. 1577/2015/ത.സ്വ.ഭ.വ. തീ. 27.05.2015	13,15,098	-	-	-	13,15,098

330500202 - സെക്വേർഡ് ലോൺ എന്ന ഹെഡിൽ ₹4,585/- അവശേഷിക്കുന്നതായി ബാലൻസ് ഷീറ്റിൽ കാണുന്നു. പ്രസ്തുത തുക വായ്പ രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ കൃത്യത പരിശോധിച്ച് ഉറപ്പാക്കാനായില്ല. വായ്പ രജിസ്റ്റർ അപൂർണ്ണമാണ്. അപാകങ്ങൾ പരിഹരിച്ച് വായ്പ രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

4-6 സ്ഥിരനിക്ഷേപം

- ഇല്ല -

4-7 ഓഡിറ്റ് റിക്കവറി

- ഇല്ല -

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ

	നം.	ഓഡിറ്റ് റിപ്പോർട്ട് വർഷം	നം.		
2007-2008	3-1	2010-2011	5.2.22(1)	വൈദ്യുതി ഇല്ലാതെ വൈദ്യുതി നിലയം ചെലവ് ₹83.57 ലക്ഷം	തീർപ്പ് കല്പിച്ചിട്ടില്ല

4-9 ചാർജ് സർചാർജ് സർട്ടിഫിക്കറ്റിന്റെ വിവരം

(എ) ചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

- ഇല്ല -

(ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നം.	റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം ഭരണവകുപ്പ്	സർചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (₹) (രസീത് നമ്പർ/ തീയതി)	റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (₹) (തീയതി)	കോടതി വ്യവഹാര ങ്ങളിൽ		ആകെ ലഭ്യമായ തുക (₹)	അവശേഷിക്കുന്ന തുക (₹)/ ബാധ്യത	റിമാർക്ക്സ്
				നമ്പരും തീയതിയും	തുക (₹)			ഉൾപ്പെട്ട തുക (₹)	ഈടാക്കിയ തുക (₹)			
1	2	3	4	5	6	7	8	9	10	11	12	13
1	2001-2002	2-5	ശ്രീ കെ. വിജയകമാർ	LF-19385/ Sp.Cell/ CSC/C1/2004 Dt.13.07.2015	1,100						1,100	
2	2001-2002	2-6	ശ്രീ കെ. വിജയകമാർ	LF-19385/ Sp.Cell/ CSC/C1/2004 Dt.13.07.2015	4,955						4,955	
3	2001-2002	2-7	ശ്രീ പി.എൻ. സുരേന്ദ്രൻ കൃഷി ഓഫീസർ	LF-19385/ Sp.Cell/ CSC/C1/2004 Dt.05.05.2005	14,100						14,100	
4	2003-2004	3-2	ശ്രീ പി.വി. മത്തായി അസി. എൻജിനീയർ	LF-14221/ Sp.Cell/ CSC/C1/2007 Dt.17.10.2009	9,137						9,137	
5	2003-2004	3-2	ശ്രീ കെ.ജെ.ജോസ് അസി.എക്സി. എൻജിനീയർ	LF-14221/ Sp.Cell/ SC2/2007 Dt.17.10.2009	9,138						9,138	
6	2010-2011	3-8	ശ്രീ കെ. സുബ്രഹ്മണ്യൻ അസി. എൻജിനീയർ	LF-2408/ Sp.Cell/ CSC/C1/2014 Dt.08.03.2016	6,207	Rt.No. 11605100222 Dt.22.07.2016				6,207	0	

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

മുന്നിരിപ്പ് (₹)	3,52,00,844/-
വരവ് (₹)	2,79,20,608/-
ആകെ (₹)	₹6,31,21,452/-
ചെലവ് (₹)	2,03,67,903/-
നീക്കിയിരിപ്പ് (₹)	4,27,53,549/-

[കുറിപ്പ് :- പഞ്ചായത്തിന്റെ 2024-2025 – ലെ റെസീറ്റ് & പെയ്മെന്റ് പത്രിക പ്രകാരമുള്ള വിവരങ്ങളാണ് മേൽ ചേർത്തിരിക്കുന്നത്]	
വരവിനങ്ങളിലുള്ള നഷ്ടം (₹)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം (₹)/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹)	45,697/-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹)	9,22,731/-

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1	0	6,007/-	ശ്രീ ദീപേഷ് പി. നാഥ് അസിസ്റ്റന്റ് എഞ്ചിനീയർ
3-2	0	39,690/-	ശ്രീ ഷിബു ബി. അസിസ്റ്റന്റ് എഞ്ചിനീയർ

ഓഡിറ്റിൽ തടസ്സപെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18	92,346/-	ഡോ അർജ്ജുൻ സാബു മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
1-20	12,461/-	ശ്രീ അശോക് കുമാർ എസ്. സെക്രട്ടറി
1-21	32,937/-	ശ്രീ അശോക് കുമാർ എസ്. സെക്രട്ടറി
1-22	16,900/-	ശ്രീമതി ശരണ്യ എസ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ
1-27	4,08,300/-	ഡോ അർജ്ജുൻ സാബു മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.
1-30	3,59,787/-	
ആകെ	9,22,731/-	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ അശോക് കുമാർ എസ്. സെക്രട്ടറി	സെക്രട്ടറി മാങ്കുളം ഗ്രാമപ്പഞ്ചായത്ത്	തയ്യിൽ തോണ്ടലിൽ മന്നാടി പി.ഒ., പത്തനംതിട്ട
ഡോ അർജ്ജുൻ സാബു മെഡിക്കൽ ഓഫീസർ പി.എച്ച്.സി.	മെഡിക്കൽ ഓഫീസർ പി.എച്ച്.സി., മാങ്കുളം	സപ്തഗിരി നം.93, ബോധിനഗർ തട്ടാമല പി.ഒ. കൊല്ലം ജില്ല പിൻ - 691020
ശ്രീ ഷിബു ബി. അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ ദേവികുളം ബ്ലോക്ക് പഞ്ചായത്ത്	ഒലീവ്, വിപി1/456-B സെന്റ് ജൂഡ് നഗർ, പെരുകാവ് പി.ഒ. തിരുവനന്തപുരം ജില്ല, പിൻ - 695573
ശ്രീ ദീപേഷ് പി നാഥ് അസിസ്റ്റന്റ് എഞ്ചിനീയർ	അസിസ്റ്റന്റ് എഞ്ചിനീയർ മാങ്കുളം ഗ്രാമപ്പഞ്ചായത്ത്	പാച്ചരിൽ, കുവക്കണ്ടം പി.ഒ. പൂമാല, തൊടുപുഴ ഇടുക്കി ജില്ല, പിൻ - 685588
ശ്രീമതി ശരണ്യ എസ്. വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ വെള്ളിയാമറ്റം	ദിവ്യാലയം, മക്കന്നൂർ, കോട്ടവറ്റം പി.ഒ., കൊല്ലം ജില്ല പിൻ - 691322

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
2001-2002	കെ.എസ്.എ.ഐ.ഡി.കെ.പി7/1439(01-02)/അദാലത്ത് /2022/തീയതി. 22.09.2022	02	2-5, 2-6
2003-2004	കെ.എസ്.എ.ഐ.ഡി.കെ.പി7/1439(03-04)/ അദാലത്ത്/2022 തീയതി. 22.09.2022	01	3-2
2004-2005	കെ.എസ്.എ.ഐ.ഡി.കെ-പി7-1439(04-05)/ അദാലത്ത്/2022 തീയതി. 22.09.2022	02	3-3, 3-4
2005-2006	കെ.എസ്.എ.ഐ.ഡി.കെ.പി7/1439(05-06)/ അദാലത്ത്/2022 തീയതി. 22.09.2022	01	3-3
2007-2008	കെ.എസ്.എ.ഐ.ഡി.കെ.പി7/1439(07-08)/ അദാലത്ത്/2022 തീയതി. 22.09.2022	02	3-1, 3-4
2008-2009	കെ.എസ്.എ.ഐ.ഡി.കെ-പി7-1439(08-09)/ അദാലത്ത്/2022 തീയതി. 22.09.2022	05	3-5, 3-8, 3-9, 3-10, 3-11
2009-2010	കെ.എസ്.എ.ഐ.ഡി.കെ.പി7/1439(09-10)/ അദാലത്ത്/2022 തീയതി. 22.09.2022	07	3-2, 3-3, 3-4, 3-6, 3-7, 3-8, 3-9
2010-2011	കെ.എസ്.എ.ഐ.ഡി.കെ.പി7/1439(10-11)/ അദാലത്ത്/2022 തീയതി. 22.09.2022	06	3-5(A,B), 3-10, 3-11, 3-12, 3-15, 3-16
2011-2012	എൽ.എഫ്.ഐ.14/1497/2013 തീയതി. 14.07.2014	28	2-2, 2-3 3-1 മുതൽ 3-16 വരെ 3-18 മുതൽ 3-24 വരെ, 3-26, 3-27, 3-28
2012-2013 & 2013-2014	എൽ.എഫ്.ഐ.14/174/2015 തീയതി. 03.06.2015	12	2-1 മുതൽ 2-4 വരെ, 3-1 മുതൽ 3-6 വരെ, 3-8, 3-9
2014-2015	കെ.എസ്.എ.ഐ.ഡി.കെ.14/995/2016 തീയതി. 28.07.2016	9	2-1 മുതൽ 2-4 വരെ, 3-1 മുതൽ 3-5 വരെ
2015-16	കെ.എസ്.എ.ഐ.ഡി.കെ.14/9/2017 തീയതി. 06.01.2017	11	2-1 , 2-2, 3-1 മുതൽ 3-9 വരെ
2017-2018	കെ.എസ്.എ.ഐ.ഡി.കെ.14/1406/2018 തീയതി. 02.02.2019	16	1-10, 1-12, 2-1 മുതൽ 2-3 വരെ 3-1 മുതൽ 3-9 വരെ, 4-7, 4-8
2018-2019	നം.കെ.എസ്.എ.ഐ.ഡി.കെ.14-1074/2019 തീയതി. 27.05.2020	18	1-11 മുതൽ 1-28
2019-2020	നം.കെ.എസ്.എ.ഐ.ഡി.കെ.13/834/2021 തീയതി. 30.09.2021	11	1-1, 1-3, 1-4, 1-9, 1-11 മുതൽ 1-17 വരെ
2020-2021	നം.കെ.എസ്.എ.ഐ.ഡി.കെ.13/835/2021 തീയതി. 30.09.2021	17	1-10 മുതൽ 1- 25 വരെ, 3-1

2021-2022	നം.കെ.എസ്.എ.ഐ.ഡി.കെ.പി7/282/2023 തീയതി. 17.04.2023	34	1-1 മുതൽ 1-20 വരെ, 3-1 മുതൽ 3-3 വരെ
2022-2023	നം.കെ.എസ്.എ.ഐ.ഡി.കെ.പി7/1286/2023 തീയതി. 27.12.2023	25	1-1 മുതൽ 1- 25 വരെ
2023-2024	നം.കെ.എസ്.എ.ഐ.ഡി.കെ.പി7/374/2025 തീയതി. 15.03.2025	39	1-1-1 മുതൽ 1-1-17 വരെ, 1-9 മുതൽ 1-25 വരെ 3-1

ഡെപ്യൂട്ടി ഡയറക്ടർ

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 25-07-2025 and submitted on 30-07-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Mankulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Mankulam Grama Panchayat as on 31-03-2025

Date: 15/12/2025

Deputy Director
District Office Idukki
Kerala State Audit Department

Audit Report appended to the Audit Certificate of Mankulam Grama Panchayat for the Year 2024-2025 .

1.Major Observations

1.The Asset value shown in Balance Sheet is not traceable to Asset register due to unsupported design of existing asset register

2.Other Observations

1.All mandatory financial statements such as ratios and notes are not included in AFS

2.Cash flow statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents

3.Lapses in making timely and accurate demand entries in respect to tax and non tax revenues.

4.Lack of authenticated journal Vouchers for, supporting the adjustment entries recorded in prior period items

5.Depreciation provided for assets arenot reliable for audit

6.No equivalent amount has been transferred to the capital contribution head when the assets were created

7.Demand register of property tax , and proffessonal tax and D and O licence do not match with Financial statements.

8.Administrative expenditure of MNREGS -amount recorded in AFS (I 14(F) shedule) is incorrect.

9 B 5 shedule in balance sheet does not match with B 16 shedule
10.Payment Voucher miss- classification (Advance to KSEB recorded as payment)

11.Grant liability amount shown as liability in Balancesheet does not match with Bank account opened for the specified grant account

12 capital contribution is provided for maintance grant

13Receipt and payment of grants does not mach with AFS

14Lack of authenticated doccuments for supporting the adjustment entries through journal vouchers recorded in Jawahar loan account

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ മാങ്കുളം ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്